Iruvatnālu-
vṛttam

1880

Ci
XIV
259

N12<528100921 021
ubTÜBINGEN

A Cw R

IRUVATHUNALU VRUTTAM

AND Kante

# VIJNANA MUNJARI

THE

AK

## Poetical and Prose Portions

OF THE

## MALAYALAM TEXT

FOR THE

## MATRICULATION EXAMINATION

## 1880.

CALICUT:

PRINTED AT THE MINERVA PRESS

1880.

L. J. Fr

രാമായണം

# ഇരുപത്തിനാലുവൃത്തം

ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു.

## ഒന്നാം വൃത്തം.

൧. വെണ്മതികലാഭരണനംബികഗണേശൻനിൎമ്മലഗു
ണാകമലവിഷ്ണുഭഗവാനും നാന്മുഖനു മാദികവിമാതൃഗുരു ഭൂത
ർ നന്മകൾ വരുത്തുക നമുക്കുഹരിരാമ

൨. ഉത്തമപുരാണ പുരുഷൻെറ ചരിതാനാമുത്തമമിതാദി
രഘുനായക ചരിത്രം ഭക്തിയൊടുചൊല്ലുവതിനിന്നുതുനിയു
ന്നെന്നു നൃമതിപദ മെകുവതിനാശു ഹരിരാമ.

൩. രാക്ഷസകുലാധിപതി രാവണ ഭുജോഷ്മാ തീക്കന
ലിൽ വീണുഴലുമത്രിദശപാളി പാൽക്കടലിൽ മെവിനപുരാണ
പുരുഷൻെറ കാക്കലടിപെട്ടുഭുവി വീണുഹരിരാമ.

൪. മാധവജയിക്കമധു സൂദന ജയിച്ചീടാധിശമനായഭവ
നീലഘനധാമൻ സാധുജനപാലനനിബൊധഗിരമസ്മാൻ
പാഹിജഗദീശ്വര നമൊസ്തു ഹരിരാമ.

൫. ഇത്ഥമമരസ്തുതികൾകേട്ടുപുരുഷാണാ മുത്തമനുണൎന്നു
ഫണിമെത്തമെലിരുന്നു ഹന്തഭവതാഗമന കാരണമമൎത്ത്യാ
സ്സാംപ്രതമിദം കിമതി ചൊൽകഹരിരാമ

൬. സാക്ഷിഭവതാവിദിത മിങ്ങുകിമിദാനീം സൂക്ഷ്മതനു
വായഖില ജന്തുഷുനിവാസ ഠരംക്ഷണ കലാചലന മാത്ര
തയിൽ വിശ്വം തീൎക്കതവ വൈഭവമിതെന്തു ഹരിരാമ.

൭. ആപദി ഭജന്തിനഭജന്തി സുഖഭേദത്തെ താമകരുണാ
വരദകാമവിവശായെ കെവലസുഖായനഹിതന്നാ വിദിതം
കിംതവപദി ഹതെവയ മപീശഹരിരാമ.

൮. കേൾക്കമമവാക്യമതി സൂദനതവാജ്ഞാ വാൎത്തപറയു

ന്നു ദശകന്ധരദുരാത്മാ രാക്ഷസനടക്കിഭുവനത്രയ മശേഷം
ത്രക്ഷതഭയംകരമവനുഹരിരാമ.

൯. ശങ്കരനവനുവരമെകിയതു മൂലം ശങ്കഭഗവാനയുമ
തില്ലവനുനൂനം തൻകരതലെ രചല സഞ്ചലനഹെതൊസ്സ
ംങ്കട മവനധിക മെകിഹരിരാമ.

൧൦. വിക്രമനിധെശ്ശൂണുപരാക്രമമവൻെറ ധിക്കൃതമഹെ
ശ്രനവനെ ത്തിയദശായാം വക്ഷസിപിടിച്ചുവര വച്ചുമഹൂ
ച്ചാ ദിക്കരികൾ കൊമ്പുകളൊടിച്ചുഹരിരാമ.

൧൧. മല്ലദമടക്കിയവനച്യുതഭവാനാൽ ദത്തമപിവൃത്തി
വദ കല്പിതമവനാ യുഷ്ണമവനാശന മഗ്നികരിയാതെക
ത്തണമധൊദ്ഭവി തെളിഞ്ഞുഹരിരാമ.

൧൨. കൊല്ലുവരിനൊക്കെയമനങ്ങവമറിപ്പാൻ വല്ലഭമെ
ഴുംനിരൃതി പാശികഴകാനും മുല്ലമലരാദികളുറപ്പതിനു മെല്ലെ
നല്ലപവമാനനെ വഴങ്ങിഹരിരാമ.

൧൩. എട്ടുദിശിദീപമവ നഷ്ടമണിനാഗം കഷ്ടമിതു കേ
ട്ടുപണി പെട്ടഫണിരാജൻ പൂട്ടറതുറപ്പതിനു വൈശ്രവണ
മാക്കി ചട്ടമിതുദുഷ്ടനിശി ചാരിഹരിരാമ.

൧൪. സ്കംഭശതശുംഭിത മഹാമണിപുരാഗ്രെ കുംഭമുഖരാ
ക്ഷസദുരുക്തിവശവൎത്തി സ്കംഭമയമാല്യസതി സംപ്രതിമ
ഹാത്മാ ജംഭരിപുതാനഗതി ഹന്തഹരിരാമ.

൧൫. വാസുകവമിതിശയമനെറിനടകൊള്ളും പൊത്തിനു
പിടിച്ചുപിണി ചാട്ടുകളിഴെപ്പാൻ പൃത്ഥ്വമതിവന്മര മിഴെപ്പ
തിനു ചെത്തു പെത്തുമൈരാവത ഗജത്തെ ഹരിരാമ.

൧൬. കാമവശനായവനുറക്കറയിൽ വീണാൽ മാമകവി
ലാസിനികൾ കാലുഴികവെണം മെനകനനെപ്പതി നടിപ്പ
തിനു രംഭാ ഉൎവ്വശിതിലൊത്തമ രളിക്ക ഹരിരാമ.

൧൭. സൂരികളെരാപ്പകൽ നടന്നു കരയിക്കും ശൌൎയ്യനി
ധി രാവണനുടെ ഭുജബലത്താൽ സൂൎയ്യനുമദിച്ചുനിശി നെ
രെ നടകൊൾവാൻപാരമിയലുന്നു പണി നാഥഹരിരാമ.

൧൮. മെദിനിയിൽ മെവിനമഹീസുരവരാണാം വെദന
കളെന്തുപുനരിന്നു പറവൂനാംവെലികളിൽ നീളെനിന്നെമൂത്ത
വർമുടക്കി യാഗയജനാദികളുമൊക്കെഹരിരാമ.

bi XIV 259

൧൯. നഷ്ടയജ്ഞനാലതി വിശന്നരിയ കണ്ണും നട്ടഭയ മൊട്ടുമ്പെത നഷ്ടിപിടിപെട്ടും ദുഷ്ടരജനീചരദവാഗ്നിഷലനധാരാ ദൃഷ്ടിമുന നൽകുക നമുക്കഹരിരാമ.

൨൦. ദെവകളിതെവമുരചെയ്യുളവുദെവൻ ദെവകളൊടെവമരുൾചെയ്യുജഗദീശൻ ദെവതകളെമതി വിഷാദമിഹ യൂയം വാനരകുലെ ഭുവി പിറക്കഹരിരാമ.

൨൧. ആശര കുലാധമവധായ ശ്രുണുവെധാ ദാശരഥിയായുലകിൽ ഞാനിഹ പിറപ്പൻ നാശമകലും പുനരിതെവമുരചെയ്യുങ്ങാശു ഭഗവാനഥ മറഞ്ഞുഹരിരാമ.

൨൨. യൊജഗദിദം സൃജതി കാലഗുണ ശക്ത്യാ യൊജഗദിദം സപദിപാതിപരമാത്മാ യൊജഗദിദം ഹരതിസൊയമഖിലെശൊ മെമനസിസംഭവതു നാഥഹരിരാമ.

൨൩. അല്ലലകററീടുവതി നാശ്രിതജനാനാം വില്ലുമമ്പുമായടവിതന്നിലെഴുന്നള്ളി ചൊല്ലെഴുന്ന രാവണനെക്കൊന്നരവല്ല്യ നാഥൻ നല്ലതുവരുത്തുക നമുക്കഹരിരാമ.

൨൪. രാമഹരി രാമഹരിരാമഹരിരാമ രാമരജനീചരകുലാന്തക തൊഴുന്നെൻ പ്രാണനകലും പൊഴുതു നിന്മഹിത രൂപം കാണണമിനിക്കു തെളിഞ്ഞാശുഹരിരാമ.

---

# വിജ്ഞാനമഞ്ജരി

## പ്രഥമ ഭാഗം

---

### ആവിയെയും ആവിയന്ത്രത്തെയും കുറിച്ചു.

ഈശ്വരൻ ജഗൽസൃഷ്ടിയിൽ പദാൎത്ഥങ്ങൾക്കു അത്ഭുതകളായിരിക്കുന്ന ഓരോശക്തികളെ കൊടുത്തിട്ടുണ്ടു. മനുഷ്യർ തങ്ങളുടെ ആവശ്യങ്ങളെ നിവൃത്തിക്കുന്നതിനു ഈ ശക്തികളെ സ്വാധീനകളാക്കി ഉപയോഗിച്ചാൽ മതി. ആയതു പ്രവൃത്തികൾ കൊണ്ടുവേണം. മനുഷ്യരുടെ അപ്രകാരമുള്ള സകല പ്രവൃത്തികളുടെയും തത്വം പദാൎത്ഥങ്ങൾക്കു ഏതുവിധമായിട്ടെങ്കിലും ഉള്ള ചലനത്തെജനിപ്പിക്കുക ആകുന്നു. അതിനുദൃഷ്ടാന്തം, മൺവെട്ടിക്കു ഒരു ചലനത്തെ ജനിപ്പിക്കുന്നതിനാൽമനുഷ്യരുപറമ്പു കിളക്കുകയും കുളംകിണറു മുതലായ്തുകുഴിക്കയും ചെയ്യുന്നു- ഉരലിൽ നെല്ലിട്ടു ഉലക്കക്കു ഒരു ചലനത്തെ ജനിപ്പിക്കുന്നതിനാൽ നാം ആ നെല്ലിനെ കുത്തി അരി ആക്കുന്നു- അരി, കോതമ്പു, പയറു മുതലായ ധാന്യങ്ങളെരണ്ടുകല്ലുകളുടെഇടയിൽഇട്ടുമുകളിൽ ഉള്ളകല്ലുതിരിക്കുന്നതിൽ നാം അവയെപൊടിച്ചുമാവാക്കുന്നു. ചകിരിയിൽഒരു ചലനത്തെജനിപ്പിക്കുന്നതിനാൽ നാം കയറുപിരിക്കുന്നു. കയറുപിടിച്ചുഅച്ചിൽകൊള്ളിച്ചിരിക്കുന്ന തടിയിൽ ഒരുചലനത്തെജനിപ്പിക്കുന്നതിനാൽകടച്ചിൽകാരൻഉളിപിടിച്ചു ഓരോ സാധനങ്ങളെ ഉണ്ടാക്കുന്നു. ഈ പ്രവൃത്തികളിൽ ഒക്കെയും ചലനം മനുഷ്യരാൽ ജനിപ്പിക്കപ്പെട്ടതാകുന്നു- എന്നാൽമനുഷ്യൎക്കു പരിചയവും ബുദ്ധിശക്തിയും വൎദ്ധിക്കുംതൊറും ഈ ചലനത്തെ മററു ശക്തികളെക്കൊണ്ടു ജനിപ്പിക്കാവുന്നതാകുന്നു എന്നു അവൎക്കു മനസ്സിലായിട്ടു ജന്തുക്കളെയും വായുവിനെയും ജലത്തെയും മററും അതിനായി ഉപയോഗിപ്പിക്കുന്നു. എങ്ങനെ എന്നാൽ, കുതിരകളെയും കാളകളെയും മററും കൊണ്ടു വണ്ടി മുതലായവകളെ വലിപ്പിക്കുന്നു. വാണിയനു എള്ളിൽ നിന്നും എണ്ണഎടുക്കുന്നതിനു എള്ളു ചക്കിൽ ഇട്ടു

അവൻതന്നെ ചുററിക്കുന്നത വളരെ അദ്ധ്വാനം ഉള്ളതാകു
ന്നു. ആയതുകൊണ്ടുഅവൻ ഒരുകാളയെകെട്ടി ചക്കാട്ടുന്നു.
അപ്പൊൾഅവന്നു ശ്രമംകൂടാതെ അവന്റെ ഉദ്ദെശ്യംസിദ്ധ
മാകുന്നു ഈ ലക്ഷ്യങ്ങളിൽ മനുഷ്യര ജന്തുക്കളെ ഉപയൊ
ഗിപ്പിക്കുന്നു. വള്ളങ്ങൾക്കു ചലനത്തെ ജനിപ്പിക്കുന്ന
തിന്നു നാം കഴക്കൊൽ ഊന്നുകയും നമ്പു തൊഴയുകയും തണ്ടു
പിടിക്കയും ചെയ്യുന്നു. അപ്പൊൾ ആ ചലനം നമ്മളാൽ
തന്നെ ജനിപ്പിക്കപ്പെട്ടതാകുന്നു. എന്നാൽചിലപ്പൊൾ വള്ള
ങ്ങൾക്കു ചലനത്തെജനിപ്പിക്കുന്നതിന്നു വള്ളങ്ങളിൽപായകെ
ട്ടിനാം കാററിനെഉപയൊഗിപ്പിക്കുന്നുണ്ടു. അപ്പൊൾ കാററി
ന്റെശക്തികൊണ്ടുവള്ളത്തിന്നു ചലനം ഉണ്ടാകുന്നതിനാൽന
മുക്കു അതിന്റെതലതെററാതെഅമരംപിടിക്കെണ്ടുന്ന ശ്രമംമാ
ത്രമെഉള്ളു. യൂറൊപ്പിൽഅനെക ദെശങ്ങളിൽ വായുവിനെപല
യന്ത്രങ്ങളുടെയുംപ്രവൃത്തിയിൽ സഹകരിക്കുന്നതിനായിഉപ
യൊഗിച്ചുവരുന്നുണ്ടു. നാം നെല്ലിന്റെപതിരു കളയുന്നതി
ന്നു ഇതിനെ തന്നെ ഉപയൊഗിക്കുന്നുണ്ടു. എങ്ങനെ എന്നാ
ൽ നാം കുട്ടകളിൽ നെല്ലിനെ എടുത്ത നിഷ്പ്രതി ബന്ധമായി
വായുസഞ്ചാരം ഉള്ളസ്ഥലത്തിൽ കുറെഉയരത്തിൽ നിന്നു അ
തിനെ കീഴ്പ്പൊട്ടുതട്ടുന്നു. അപ്പൊൾ കാററു പതിരുകളെ ഒ
ക്കെയും നെല്ലിൽ നിന്നും വെർപെടുത്തികളയുന്നു ഈ ല
ക്ഷ്യങ്ങളിൽ നാം വായുവിനെഉപയൊഗിക്കുന്നു. ജലത്തെ
യുംഅനെകയന്ത്രങ്ങൾക്കുചലനത്തെജനിപ്പിക്കുന്നതിനായി
ഉപയൊഗിക്കുന്നുണ്ടു. ഒഴുക്കുംഅരിവികളും ഉള്ളസ്ഥലങ്ങളിൽ
ചക്രങ്ങളെവെച്ചു അവയ്ക്കു ചലനംജനിപ്പിക്കുന്നതിനാൽനൂല
നൂൽക്കുകയും മററുംമുതലായിഅനെക കാൎയ്യങ്ങൾസാധിക്കപ്പെ
ടുന്നു. ഈ ലക്ഷ്യത്തിൽമനുഷ്യർ ജലത്തെ ഉപയൊഗിപ്പിക്കു
ന്നു. മെല്പറഞ്ഞതുകൊണ്ടു ഈശ്വരസൃഷ്ടങ്ങളായുള്ള പദാൎത്ഥ
ങ്ങൾമനുഷ്യൎക്കു എത്രമാത്രം ഉപയൊഗമുള്ളവയാകുന്നു എന്നു
ബൊധപ്പെട്ടു.എന്നാൽ ഈ പറയപ്പെട്ടസാധനങ്ങളിൽഒന്നും
സകലദെശ കാലാവസ്ഥകളിലും ഒരുപൊലെനമുക്കു ഉപ
യൊഗിക്കപ്പെടുവാൻ കഴിയുന്നവയല്ല. എന്തെന്നാൽ കാളക
ളെയും കുതിരകളെയുംമററും കൊണ്ടുനാം വണ്ടിവലിപ്പിക്കമുത

ചായകാഴ്ചങ്ങൾ ചെയ്യിക്കുന്നതിൽ അവ കുറെ നെരം കഴിയുമ്പൊൾ ക്ഷീണിപ്പിച്ചുപൊകുന്നു, പിന്നെ അവയെവിശ്രമിപ്പിച്ചതിന്റെ ശെഷമെ അവയെ കൊണ്ടുവെല എടുപ്പിക്കുന്നതിനു പാടൊള്ളു. വള്ളത്തിനു പാകെട്ടിവിടുന്നതും മററുംകാററുള്ളപ്പൊഴെ ആകാവു. ജലം കൊണ്ടു ചക്രങ്ങളെ ചുററിക്കുന്നതു ജലത്തിനു ഒഴുക്കുള്ളപ്പൊഴെ കഴിയു. അതുകൊണ്ടു ഇവയെ ഒക്കെയും സാൎവത്രികമായി ഉപയൊഗിക്കുന്നതിനു പാടില്ലാഞ്ഞതിനാൽ അപ്രകാരം ഉപയൊഗിക്കത്തക്കതായ ഒരു സാധനത്തിനു ൟ ലൊകത്തിൽ എറിയ കാലമായി അപെക്ഷ ഉണ്ടായിരുന്നു. അങ്ങിനെ ഉള്ള ഒരു ദിവ്യസാധനമായിട്ടു കണ്ടു പിടിക്കപ്പെട്ടതാകുന്നു ആവി. ആവിയുടെ അത്യത്ഭുതകരായ ശക്തികളെക്കുറിച്ചു ഒരുവലിയ വിദ്വാനായ യുറൊപ്യൻ ഇപ്രകാരം എഴുതിയിരിക്കുന്നു- "ൟ പദാൎത്ഥം അതിന്റെ അപരിച്ഛെദ്യമായ ശക്തികൊണ്ടും അതിനെ നമ്മുടെ ആവശ്യം പൊലെ എതു സാദൃശ്യത്തിനെങ്കിലും ഭെദപ്പെടുത്തിഉപയൊഗിക്കുന്നതിനുള്ള ലാഘവം കൊണ്ടും അത്യാശ്ചൎയ്യകരമായി തീൎന്നിരിക്കുന്നു- ഇതിന്റെ വൈചിത്ര്യത്തെവിചാരിച്ചാൽ സൂചിയെതപ്പി എടുക്കുന്നതിനും വലുതായവൃക്ഷങ്ങളെ പിഴുക്കുന്നതിനും ഒരുപൊലെ കഴിയുന്നതായ ആനയുടെ തുമ്പിക്കൈ എതും സാരമില്ലാ- ഇതിനു ഭംഗിയായിമുദ്രകൊത്തുന്നതിനും കഠിനങ്ങളായ ലൊഹപിണ്ഡങ്ങളെ ധൂളിപ്രായമായിപൊടിക്കുന്നതിനും ലൂതാ തന്തുപൊലെ കൊമളമായി ഒരുനൂലിനെ നൂൽക്കുന്നതിനും അതിമഹത്തായയുദ്ധകപ്പലിനെപന്തുപൊലെ ആകാശത്തിൽ ഉയൎത്തുന്നതിനും മൃദുതരങ്ങളായ ദുകൂലങ്ങളിൽ കസവിടുന്നതിനുംവലിയ കപ്പലുകൾക്കു നങ്കൂരങ്ങൾ അടിച്ചുണ്ടാക്കുന്നതിനും, ഉരുക്കുകൊണ്ടുചെറിയ സൂചികളും മററുംനിൎമ്മിക്കുന്നതിനും കൊടുങ്കാററുകളുടെയും തിരമാലകളുടെയും ശക്തിയെ അതിവൎത്തിച്ചുഭാരം കയററിയ കപ്പലുകളെ അതി വെഗമായി സഞ്ചരിപ്പിക്കുന്നതിനും കഴിയും."

ൟ അത്യത്ഭുതമായ പദാൎത്ഥത്തെയും അതിന്റെ ശക്തികളെയും ഗ്രഹിച്ചു അവയെ മനുഷ്യൎക്കു ഉപയൊഗത്തിനു തക്കതാക്കി ചെയ്യുന്നതു ഒരുത്തൻ തനിച്ചു ആകുന്നില്ല. അനെകമ്പു

ബുദ്ധിമാന്മാർ അനേക കാലങ്ങളിൽ ശ്രമപ്പെട്ടാകുന്നു ഈ ആവിയുടെ ശക്തിയെ ഗ്രഹിച്ചത ആവിയന്ത്രവും ഒരുത്തന്റെ ശക്തിയാൽ നൂതനമായി കല്പിതമാകുന്നില്ല. അതു അനേക ബുദ്ധിമാന്മാരാൽ ഓരോ സമയങ്ങളിൽ ആലൊചിച്ചു ഓരൊ കൌശലങ്ങൾ ഉണ്ടാക്കി നിൎമ്മിക്കപ്പെട്ടതാകുന്നു. ഇങ്ങിനെ അനേക ജനങ്ങൾ കൂടക്കൂടെ നവീനമായി അല്പം അല്പം ഓരൊ പരിഷ്കാരത്തെ ചെയ്കകൊണ്ടു ആവിയന്ത്രം ഇപ്പൊഴത്തെ സ്ഥിതിയെ പ്രാപിച്ചിരിക്കുന്നു. മനുഷ്യൎക്കും ഇതരപ്രാണികൾക്കും അത്യന്തം ക്ലേശകരങ്ങളായ അനേക വെലകൾ അചിന്ത്യമായ പ്രാബല്യത്തോടുകൂടി നിവ്വഹിക്കതക്കവണ്ണമാക്കിച്ചെയ്യു ഈ മഹാ യന്ത്രത്തിന്റെ പ്രവൎത്തകന്മായ ഉപകരണങ്ങൾ ഒക്കെയും ദയാലുവായിരിക്കുന്ന ഈശ്വരൻ നമുക്കുതന്നിട്ടുള്ളതാണെന്നു നമുക്കുസ്മരണം ഉണ്ടായിരിക്കണം. അവ ഈശ്വരന്റെ അചിന്ത്യ ശക്തിയുടെയും അപരിമെയ ജ്ഞാനത്തിന്റെയും അപാരദയയുടെയും ചിഹ്നങ്ങൾ ആകുന്നു. ജലത്തെ അഗ്നിസംയൊഗം ഉണ്ടാകുമ്പോൾ അധികമായി വ്യാപിക്കുന്നതിനു ശക്തിയുള്ളതാക്കിചെയ്യു ഈശ്വരൻ ആകുന്നതുകൊണ്ടു ആവി എന്ന പദാൎത്ഥം വൃക്ഷലതാദികൾക്കു ദൊഹദാ സെചനാദികൾ ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ഫലപുഷ്പാദികൾപൊലെ തന്നെ നമുക്കു ഈശ്വരനാൽ ദത്തമായിട്ടുള്ളതാകുന്നു.

ആവിയുടെയും ആവിയന്ത്രത്തിന്റെയും സ്വരൂപ വിവരണം ചെയ്യുന്നതിൽ പ്രഥമം രണ്ടു സ്വഭാവ സിദ്ധങ്ങളായ തത്വങ്ങളെ പ്രതിപാദിക്കെണ്ടതു ആവശ്യകമാകുന്നു.

ഒന്നാമതു ദ്രവ്യങ്ങൾക്കൊ അല്ലെങ്കിൽ സ്ഥിരങ്ങൾക്കൊ ഊഷ്മസംയൊഗം ഉണ്ടാകുമ്പോൾ അവ ഒരു വികാസത്തെ പ്രാപിച്ചു അവയുടെ ആകൃതിക്കു പൂൎവ്വസ്ഥിതിയിലെക്കാൾ വലിപ്പം സംഭവിക്കുന്നു. അതുകൊണ്ടു ഒരുതുടം വെള്ളമൊ അല്ലെങ്കിൽ മറവ എതെങ്കിലും ദ്രവദ്രവ്യമൊ തണുത്തിരിക്കുമ്പൊൾ എത്ര സ്ഥലത്തെ വ്യാപിക്കുമൊ അതിലധികം സ്ഥലത്തെ ഊഷ്മസംയൊഗമുണ്ടാകുമ്പൊൾ വ്യാപിക്കും

രണ്ടാമതു- ജലം തീയിൽ വച്ചു നല്ലവണ്ണം തെളക്കുന്ന

ത്ത വായും താപിതമായാൽ അത്ത ആവിയായി പരിണമിക്കുന്ന പിന്നെ അത്ത തെളുത്തക്കതായ താപം ഇല്ലാതെ ആയാൽ വെള്ളമായിത്തന്നെ പുനശ്ച പരിണമിക്കുന്നു.

ആയതുകൊണ്ടു ആവി എന്നുവച്ചാൽ നല്ലവണ്ണം തെളപ്പിക്കുന്നതിനാൽ അവസ്ഥാന്തരത്തെ പ്രാപിതമായ ജലമാകുന്നു ആവിക്കു മെൽപറഞ്ഞ പ്രകാരമുള്ള വ്യാപനശക്തി ഉണ്ടാകകൊണ്ടു പദാൎത്ഥങ്ങളിൽ ഇതിന്റെ ശക്തിയെ പ്രവൃത്തിപ്പിക്കുന്നതു നമ്മുടെ ഇച്ശപൊലെ കുറച്ചും അധികമായിട്ടും ആകാവുന്നതാകുന്നു

ആവി * വായുപൊലെതന്നെ സ്വാഭാവികമായി രൂപരഹിതമായിട്ടുള്ളതാകുന്നു. എന്നാൽ വായു ആവിയെ അപെക്ഷിച്ചു ശൈത്യമുള്ളതാകകൊണ്ടു അതിനൊടു സംയൊഗമുണ്ടാകുമ്പൊൾ ആവിയുടെ ഏകദെശാംശം ജലമായി പരിണമിക്കുന്നതിനാൽ ആവി അപ്പൊൾ തദ്രൂപെണ ദൃശ്യമായിഭവിക്കുന്നു- ആയതുകൊണ്ടു ഒരു ആവിയന്ത്രത്തിൽ നിന്നു വെളിയിൽ ഉന്മൊചിക്കപ്പെടുന്ന ആവി വായു സംയൊഗകാലത്തിൽ ശൈത്യംകൊണ്ടു ജലമായി പരിണമിക്കുമ്പൊൾ അപ്രകാരം ഉണ്ടാകുന്ന അസംഖ്യജലശീകരങ്ങളിൽ പകലിന്റെ വെളിച്ചം പ്രതിഫലിക്കുന്നതിനാൽ അവ അരുവികൾ വീഴുന്ന ദിക്കിൽ കാണുന്നതുപൊലെ, ശൊഭന രൂപങ്ങളായി കാണപ്പെടുന്നു- അനിവാൎയ്യയായ ഈ ശക്തിയെ ഓരൊ ജലവിന്ദുവിലും നിഗൂഢമായി ഘടിപ്പിച്ചിരിക്കുന്ന അചിന്ത്യശക്തിയായ ഈശ്വരന്റെ ചാതുൎയ്യത്തെ വിചാരിച്ചു നൊക്കിയാൽ ഈ ജഗൽസൃഷ്ടിയിൽ യാതൊന്നിന്റെയും

---

* വായു എന്നുവച്ചാൽ ആകാശവ്യാപിയായി നാം ശ്വാസൊച്ഛ്വാസങ്ങളെ ചെയ്യുന്നതായ ഒരുപദാൎത്ഥമാകുന്നു- വൃക്ഷാദികളെ ചലിപ്പിക്കുന്നതായ കാറ്റിനുമാത്രമെ വായുഎന്നു വ്യവഹരിക്കാവു എന്നില്ല വൃക്ഷാദികൾക്കു ചലനം ഇല്ലാതെ ഇരുന്നാലും വെളിയായുള്ളപ്രദെശത്തിൽ വായുഎന്ന പദാൎത്ഥം സിദ്ധമായിട്ടുണ്ടു. വൃക്ഷാദികളെ ചലിപ്പിക്കുന്ന കാറ്റും ആ വായുവിന്റെ രൂപാന്തരം തന്നെ ആകുന്നു.

നിസ്സാരമെന്നു തള്ളിക്കളയാൻ പാടില്ലാ എന്നു നമുക്കു ബൊധപ്പെട്ടു.

ആവികൊണ്ടു പാത്ഥങ്ങളിൽ ചലനത്തെ ജനിപ്പിക്കുന്നതിനുള്ള യന്ത്രപ്രകാരത്തെ സംക്ഷെപമായി പറയുന്നു. പ്രഥമമായി ചലനം ജനിപ്പിക്കപ്പെടുന്നതു ഒരു കുഴലിനകത്തു പൊങ്ങുന്നതിനും താഴുന്നതിനും കഴിയുന്നതും ആ കുഴലിന്റെ ഉള്ളിൽ ഒരുവശത്തുനിന്നും ഒരുവശത്തെക്കു കാററുകടക്കാതെ ഇരിക്കത്തക്ക വിധത്തിൽ ചെക്കപ്പെട്ടതും ആയ ഒരു അടപ്പിൽ ആകുന്നു. ആ കുഴലിന്റെ രണ്ടഗ്രങ്ങളും അടക്കപ്പെട്ടവയും ഒരു അഗ്രത്തിൽ കൂടി അതിന്റെ ഉള്ളിൽ ഇരിക്കുന്ന അടപ്പിന്റെ മദ്ധ്യത്തിൽ ഒരു യഷ്ടിദൃഢമായിയൊജിപ്പിച്ചിട്ടുള്ളതും ആകുന്നു. ഇതിന്റെ രണ്ടററങ്ങളിലും ചെറിയ രന്ധ്രങ്ങളും അവയിൽ കൂടി ആവിയെ ഇച്ഛപൊലെ ഉള്ളിൽ വിടുകയും വെളിയിൽ കളകയും ചെയ്യത്തക്കവണ്ണം അവയ്ക്കു ചിലമൂടകളും ഉണ്ടു. ഒരു ജലപാചക പാത്രത്തിൽ വെള്ളം ഒഴിച്ചു തികത്തിക്കുമ്പൊൾ ആ വെള്ളം ആവിയായി പരിണമിച്ചു മെൽ പറഞ്ഞ കുഴലിനെയും ജലപാചക പാത്രത്തെയും തങ്ങളിൽ യൊജിപ്പിക്കുന്നതായ ഒരുനാളത്തിൽ കൂടി ആ കുഴലിലെക്കു പ്രവെശിക്കുന്നു. ആവി ആദ്യം ആ കുഴലിന്റെ ഊൎദ്ധ്വഭാഗത്തിൽ ഉള്ള രന്ധ്രത്തിൽകൂടി ഉള്ളിൽ പ്രവെശിച്ചു അകത്തുള്ള അടപ്പിനെ കീഴ്പൊട്ടെക്കു തള്ളുന്നു. ഉടനെ അധൊഭാഗത്തിലുള്ള രന്ധ്രത്തിൽ കൂടി ആവി ഉള്ളിൽ പ്രവെശിക്കയും ഊൎദ്ധ്വഭാഗത്തിലുള്ള രന്ധ്രത്തിൽ കൂടി പ്രവെശിച്ചു ആവിവെളിയിൽ പൊകയും ചെയ്യുമ്പൊൾ ആ അടപ്പു മെല്പൊട്ടെക്കു തള്ളപ്പെടുന്നു. പിന്നെ ഉടനെ ഊൎദ്ധ്വഭാഗത്തിൽ ഉള്ള രന്ധ്രത്തിൽ കൂടി ആവി ഉള്ളിൽ പ്രവെശിക്കയും അധൊഭാഗത്തിൽ ഉള്ളരന്ധ്രത്തിൽകൂടി പ്രവെശിച്ചു ആവി വെളിയിൽ പൊകയും ചെയ്യുമ്പൊൾ ആ അടപ്പു പുനശ്ച കീഴ്പൊട്ടെക്കു തള്ളപ്പെടുന്നു. ഇപ്രകാരം ആവിമാറിമാറി ആ കുഴലിന്റെ രണ്ടുഭാഗങ്ങളിലും പ്രവെശ നിൎഗ്ഗമങ്ങളെ ചെയ്യുന്നതിനാൽ അതിന്റെ ഉള്ളിൽ ഉള്ള അടപ്പിനു അനവരതമായി മെല്പൊട്ടും കീഴ്പൊട്ടും ഒരു ചലനം ജനിക്കുന്നു. യന്ത്രങ്ങ

ളുടെ വിചിത്രങ്ങളായ ഘടനാപ്രകാരങ്ങളാൽ ൟ ചലനം തന്നെ മറ്റു അനെക പ്രകാരെണ ഉള്ള ചലനങ്ങൾക്കു നിദാനമാക്കി ചെയ്യപ്പെടുന്നു.

നൂൽ നൂൽക്കുന്നതിനും തടി അറുക്കുന്നതിനും അച്ചടിക്കുന്നതിനും മറ്റും ഉള്ള യന്ത്രങ്ങൾ മെൽവിവരിക്കപ്പെട്ട പ്രകാരം ചലനത്തൊടു കൂടിയിരിക്കുന്ന ആവിയന്ത്രത്തിൽ ഘടിപ്പിക്കപ്പെടുന്നതിനാൽ ആവിയന്ത്രത്തിന്റെ ചലനം അവയിൽ സംക്രമിക്കുന്നതു കൊണ്ടു ആ വെലകൾ ഒക്കെയും അത്യാശ്ചര്യകരമായും പ്രത്യക്ഷമായി കണ്ടിട്ടില്ലാത്ത ആളുകൾക്കു മനസ്സുകൊണ്ടു നിരൂപിക്കുന്നതിനു അശക്യമായും ഉള്ള വെഗത്തൊടു കൂടി ചെയ്യപ്പെടുന്നു.

ആവിയുടെ ശക്തിയെ വളരെ കാലം മുമ്പിൽ തന്നെ ചിലജനങ്ങൾ അറിഞ്ഞു ഓരൊ നിസ്സാരങ്ങളായ ഉപയൊഗങ്ങളെ ചെയ്തു വരുന്നു. എന്നാൽ ഇപ്പൊൾ അതുകൊണ്ടു സാധിക്കുന്ന അത്യത്ഭുതങ്ങളായ കാൎയ്യങ്ങൾക്കു അതിനെ സാധാരണമായി ഉപയൊഗിക്കത്തക്കവണ്ണമുള്ള ഉപായങ്ങളെ പ്രവൎത്തിപ്പിച്ചത ഏകദെശം നൂറ്റിച്ചില്വാനം വൎഷത്തിനു മുമ്പെ ജെംസവാട്ടഎന്നു പെരുള്ള ഒരു ഇംഗ്ലീഷ മനുഷ്യൻ ആകുന്നു. ഇപ്പൊൾ ആവി യന്ത്രത്താൽ നമുക്കുണ്ടായിട്ടുള്ള സൌകൎയ്യങ്ങളെ പരിഗണനം ചെയ്യുന്നത അശക്യമാകുന്നു പ്രായെണ നമ്മുടെ ആവശ്യസാധനങ്ങളിൽ പലതും ഇപ്പൊൾ ആവിയന്ത്രത്തിന്റെ ഉപയൊഗത്താൽ സാധിക്കപ്പെട്ടവയാകുന്നു ൟ യന്ത്രത്തിന്റെ തന്നെ പ്രവൃത്തിക്കുന്ന നിദാനഭൂതമായ കോൾ എന്ന സാധനത്തെ ഭൂമിയുടെ ഉള്ളിൽനിന്നും എടുക്കുന്നത ൟ യന്ത്രത്തിന്റെ ഉപയൊഗം കൊണ്ടു തന്നെ ആകുന്നു. നാം വാങ്ങിച്ച ഉടുപ്പുകളും മറ്റും തയ്ക്കുന്ന ശീലത്തരങ്ങളിൽ പലതും ആവിയന്ത്രത്തിന്റെ ഉപയൊഗത്താൽ നെയ്തു ഉണ്ടാക്കപ്പെട്ടതും ചായം ഇടപ്പെട്ടതും ആകുന്നു. നമുക്കു എഴുതുന്നതിനുള്ള കടലാസുകൾ ഇതിനാൽ ഉണ്ടാക്കപ്പെടുന്നു. അനെകം പുസ്തകങ്ങളും വൎത്തമാനകടലാസുകളും ഇതിനാൽ അച്ചടിക്കപ്പെടുന്നു. മനുഷ്യൎക്കു ദുൎഗ്ഗമമായുള്ള ഭൂഗൎഭത്തിൽനിന്നും സ്വൎണ്ണങ്ങൾ മുതലായ ലൊഹങ്ങൾ ഇതിനാൽ എടുക്ക

പ്പെടുന്നു ഈ ലൊഹങ്ങളെകൊണ്ടു നമുക്കുപയൊഗങ്ങളായ അനെക സാധനങ്ങൾ ഉണ്ടാക്കപ്പെടുന്നു.

ഇതുകൂടാതെ ആവികപ്പലുകളാലും ആവിവണ്ടികളാലും ജനങ്ങൾക്കുണ്ടായിരിക്കുന്ന സൌകൎയ്യങ്ങളെ നിവചിക്കാൻ കഴിയുന്നതല്ലാ. ആവികപ്പലുകൾ ഉണ്ടാകകൊണ്ടു യൂറൊപ്യന്മാൎക്കു ദെശസഞ്ചാരത്തിനു എത്ര സൌകൎയ്യംവന്നിരിക്കുന്നു. മുമ്പിൽ വാസ്കൊഡിഗാമാ യൂറൊപ്പു ദെശത്തിൽനിന്നും പുറപ്പെട്ടു പതിനൊന്നു മാസംകൊണ്ടു ഇൻഡ്യായിൽ വന്നു ചെൎന്നതു അന്നുഒരത്ഭുതമായി വിചാരിക്കപ്പെട്ടിരിക്കുന്നു ഇപ്രകാരം ഒരുയാത്ര പതിനഞ്ചുദിവസംകൊണ്ടു നിൎവ്വഹിക്കാവുന്നതായിരിക്കുന്നു. ഈ ആവികപ്പലുകൾഇല്ലാതിരുന്നെങ്കിൽ ഇൻഡ്യായിൽ പട്ടാളങ്ങളിലും മറ്റും ഉദ്യൊഗസ്ഥന്മാരായിരുന്ന യൂറൊപ്യന്മാൎക്കു സ്വദെശത്തെക്കു പൊയി വരുന്നതിനു ഒരു വൎഷത്തെക്കും മറ്റും അവധി വാങ്ങിച്ചുംകൊണ്ടുപൊയാൽ അവിടെ എത്തി കുറെദിവസം സ്വസ്ഥമായി താമസിക്കുന്നതിനു എട ഉണ്ടാകയില്ലായിരുന്നു.

റെയിൽ വണ്ടികൾ ഇപ്പൊൾ യൂറൊപ്പു ദെശത്തിലും അമെരിക്കാദെശത്തിലും സാധാരണമായി നടപ്പായിരിക്കുന്നു ഇൻഡ്യായിൽ ഇപ്പൊൾ ഏകദെശം ൨,൫൦൦ മയിൽ റെയിൽ വണ്ടിപ്പാത തീൎന്നിട്ടുണ്ടു.

അതിൽ മദ്രാസ പ്രസിഡെൻസിയിൽ ൬൦൦ മയിൽ ആയിട്ടുണ്ടു. ഇതുകൊണ്ടുള്ള പ്രയൊജനം നമുക്കു ഇപ്പൊൾ അനുഭവസിദ്ധമായിരിക്കുന്നു ഇപ്രകാരം റെയിൽവണ്ടി നടപ്പായിരുന്നില്ലെങ്കിൽ നമുക്കു മദ്രാസിലും മറ്റും പൊകുന്നതിനുള്ള ശ്രമം എന്തായിരിക്കുമെന്നുള്ളതു ഇവിടെനിന്നും ചെറുകണ്ണൂർ വരെ എത്തികൊള്ളുന്നതിനു ഇപ്പൊൾ ഉണ്ടാകുന്ന അദ്ധ്വാനം ഓൎത്താൽ അറിയാം.

ആവിവണ്ടികളുടെയും മറ്റും വെഗം നമ്മുടെ ഇഷ്ടപൊലെ വൎദ്ധിപ്പിക്കുന്നതിനു കഴിയുന്നതാകുന്നു. അതിനുകാരണം മുമ്പിൽ പറയപ്പെട്ടിട്ടുണ്ടല്ലൊ ഇപ്പൊൾ ഇവിടെ ആവിവണ്ടികൾ ഓടിച്ചു വരുന്നതിൽ വേഗത്തിന്റെ പരമകാഷ്ഠ ഒരുമണിക്കൂറിനു ൩൦ മയിൽ ആകുന്നു സാധാരണ വെഗം.

ഒരുമണിക്കൂറിനു ൧൫ മയിലിനു മെൽ ൩൦ മയിലിനകമായിട്ടാകുന്നു ഇപ്പൊൾ തിരുവനന്തപുരത്തിനും നാഗരുകൊവിലിനും മദ്ധ്യെ ഒരുറയിൽ വണ്ടിപ്പാത ഉണ്ടായിരുന്നെങ്കിൽ നാഗരുകൊവിലിൽ വീട്ടുള്ള ഒരു ഉദ്യൊഗസ്ഥനു ൧൦|| മണിക്കുഊണുകഴിച്ചു അവിടെ നിന്നും പുറപ്പെട്ടു ഏകദെശം ൧൧|| മണിക്കു ഇവിടെ കച്ചെരിയിൽ ഹാജരാകുന്നതിനുകഴിയും.

ഇപ്രകാരം ആവി എന്ന ഒരു മഹാ ശക്തി ഏതെല്ലാം പ്രകാരത്തിൽ നമുക്കു സുഖസാധനമായിരിക്കുന്നു എന്ന പരിച്ഛെദിക്കാൻപാടില്ലാ. ൟ മഹാശക്തിയുടെ പ്രവൎത്തകങ്ങളായ സാധനങ്ങളെ ഒക്കെയും ൟശ്വരൻനമുക്കു ധാരാളമായി തന്നിരിക്കുന്നു. അവയിൽ മുഖ്യമായിട്ടുള്ളതു ജലമാകുന്ന അതു ഭൂമിയിൽ സകലദിക്കുകളിലും യഥെഷ്ടമായികിട്ടുന്ന ഒരുപദാൎത്ഥമാകുന്നു വിറകും അപ്രകാരം തന്നെ.

ൟശ്വരൻ പഞ്ചഭൂതങ്ങളിൽ ജലത്തെയും തെജസ്സിനെയും സൃഷ്ടിച്ച കാലം മുതൽ തദനുബദ്ധയായിരിക്കുന്ന, ഒരുദിവ്യശക്തിയും പ്രത്യക്ഷമായി ഉത്ഭവിച്ചിരിക്കുന്നു. സൂൎയ്യൻ തെജസ്സിനാൽ ഭൂഗതങ്ങളായ ജലങ്ങൾ താപിതങ്ങളായിട്ടു ആവിയായി ആകാശത്തിൽ ആകൎഷിക്കപ്പെടുന്നു. അപ്പൊൾ തെജസ്സംയോഗം കൊണ്ടു ജലം ആവിയായി പരിണമിക്കുന്നു. എന്നുള്ളതു സിദ്ധമാകുന്നുതദനന്തരം അവ ആകാശത്തിൽ മെഘങ്ങളായി ഭവിച്ചു പൎവ്വതങ്ങളാൽ ആകൎഷിക്കപ്പെടുന്നു. അപ്പൊൾ ആവിയായിരുന്നതിനു പുനശ്ശൈത്യസംയോഗം കൊണ്ടു അതുജലരൂപത്തെ പ്രാപിച്ചിരിക്കുന്നു. പിന്നെ അതു ശൈത്യത്തിന്റെ ക്രമത്തെ അനുസരിച്ചു മഴയും മഞ്ഞും കരകങ്ങളും (ആലിപ്പഴം)മഞ്ഞുകട്ടിയും മററും ആയിട്ടും തീരുന്നു മഞ്ഞും മഴയും മററും ഭൂമിയിൽ സൎവ്വത്രപതിക്കുന്നു എങ്കിലും അവ അധികമായിട്ടുണ്ടായിരിക്കുന്നതു ഭൂമിയിൽ അധികം ഉയൎന്ന പ്രദെശങ്ങളിൽ ആകുന്നു- അവിടെ നിന്നും അവ അരിവികളും നദികളുമായിപ്രവഹിക്കുന്നുഇവ ഒക്കെയും ആവിയുടെ ശക്തിയെ അപ്രത്യക്ഷമായി പ്രദൎശിപ്പിക്കുന്നുണ്ടു അതിനെ ജനങ്ങൾ വളരെക്കാലമായി ഉപയൊഗിച്ചു വരുന്നും ഉണ്ടു. അരിവികൾ വീഴുന്നിടത്തു ചില

യന്ത്രംവച്ച തടികൾ അറുക്കുകയും മററു ഇപ്പൊഴും ചിലദിക്കിൽ നടപ്പുള്ളതാകുന്നു, നദികളിൽ ജലപ്രവാഹം ഉണ്ടാകുമ്പൊൾ വലുതായുള്ള തടികളും മററും അതിൽ കൂടിഒഴുക്കി കൊണ്ടുവരുന്നുണ്ടല്ലൊ. ഇതൊക്കെയും പരമ്പരയാ ആവിയുടെ ശക്തിതന്നെആകുന്നു എന്തെന്നാൽ ഈ ശക്തിക്കു നിദാനം ജലം ആവിയായിട്ടു ഉപരിഭാഗത്തിൽ ചെന്നു അവിടെനിന്നും സംഹതമായിട്ടു അധൊഭാഗത്തിലെക്കു പ്രവഹിക്കുന്നതാണല്ലൊ ഇപ്രകാരമുള്ള മൂലതത്വത്തെ പ്രമാണീകരിച്ചുതന്നെ ആകുന്നു- യൂറൊപ്യന്മാർ അഗ്നിസംയൊഗം കൊണ്ടുജലത്തെ ആവിയാക്കീട്ടു അതിന്റെ ശക്തികൊണ്ടു അനെകം അത്ഭുത കാൎയ്യങ്ങളെ സാധിക്കുന്നത.

ഇവിടെ ആവിയുടെയും ആവിയന്ത്രത്തിന്റെയും സ്വരൂപത്തെ എത്രയും സ്ഥൂലമായും ചുരുക്കമായുമെ പറഞ്ഞിട്ടൊള്ളു. ഈ പ്രമെയത്തെ ഒന്നിനെ കുറിച്ചുതന്നെ അനവധി പുസ്തകങ്ങൾ പ്രവൎത്തിച്ചിരിക്കുമ്പൊൾ അനെക വിഷയങ്ങളെ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽ ഈ പ്രമെയത്തെ കുറിച്ചു ഇത്രമാത്രമല്ലാതെ പറയാൻ പ്രയാസമുള്ളതാകുന്നു.

---

### ആരൊഗ്യത്തെയും ആരൊഗ്യരക്ഷയെയും കുറിച്ചു.

രൊഗകാരണങ്ങളെ അറിഞ്ഞു അതുകൾക്കു അവകാശം കൊടുക്കാതെയും, സ്വാഭാവികമായ ദെഹസുഖത്തിനു അല്പമെങ്കിലും വ്യത്യാസം ഉണ്ടെന്നു അറിഞ്ഞാൽ ഉടനെതന്നെ അതിനു വെണ്ടുന്ന പ്രതിവിധികൾ ചെയ്തു ശരീര സ്ഥിതിയെ യഥാപൂൎവം ആക്കി ചെയ്തുകൊണ്ടും ഇരുന്നാൽ എല്ലാവൎക്കും പ്രായശഃ സ്ഥിരമായ ആരൊഗ്യത്തൊടുകൂടി ഇരിക്കാവുന്നതാകുന്നു- ദെഹസ്ഥിതിക്കു എത്രയും നിസ്സാരമായിട്ടെങ്കിലും ഒരുവ്യത്യാസം കണ്ടാൽ അതിനെ നിസ്സാരമാണെന്നുവിചാരിച്ചു ഗണിക്കാതെ ഇരിക്കരുത അപ്പൊൾ അതു എത്രെയും നിസ്സാരമായികാണപ്പെട്ടും എങ്കിലും അതിനു അപ്പൊൾ

തന്നെ പ്രതിവിധി ചെയ്യാതെയിരുന്നാൽ ഒരുസമയം വലുതായിരിക്കുന്ന ഉപദ്രവങ്ങൾക്കു കാരണമായിതീരും.

എത്രയും തുച്ഛമായിരിക്കുന്ന ഒരുകാൎയ്യം ചിലപ്പോൾ പരമ്പരയാ ഏറ്റവും വലുതായിരിക്കുന്ന ഒരുകാൎയ്യത്തിന്റെ നാശത്തിന്നു ഹേതുവായി തീരും അതിന്നു ഒരു ദൃഷ്ടാന്തം എന്തെന്നാൽ.

കീലഭ്രംശേ ലുപ്തഃ കിലതുരഗഖുരത്രാണ
മേതന്ന്യലോപേ നഷ്ടാശേ ഭഗ്നപാ
ദസ്തുരഗവിരഹിതോ നിൎജ്ജിതോ വാഹിനീ
ശഃ സേനാന്യാ സാവാഹിനീ സമരമപി
സമൎസ്സജ്യ ദ്രാവസേനാ നഷ്ടം രാജ്യം
തദാസീദഖിലമിദമഹൈകസ്യ കീലസ്യലോപാൽ.

ഇതിന്റെ അൎത്ഥം- ഒരു ആണി പോയതിനാൽ കുതിരയുടെ ലാട പോയി അപ്പോൾ കുതിരയുടെ കാലൊടിഞ്ഞു കുതിര നശിച്ചുപോയി. കുതിര ഇല്ലാതെ ആയപ്പോൾ സേനാനായകൻ ശത്രുക്കളാൽ പിടിക്കപ്പെട്ടു. നായകൻ ഇല്ലാതെ ആയപ്പോൾ സേനായുദ്ധം ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു. അപ്പോൾ രാജ്യം ശത്രുവിന്നു ആധീനമായി. ഇതു ഒക്കെയും ഒരു ആണിപോയതിനാലാകുന്നു.

എന്നാൽ ചിലപ്പോൾ യഥാസ്ഥിതമായിട്ടുള്ള ശരീരസ്ഥിതിയിൽനിന്നു വ്യതിയാനം വന്നാൽ പൂൎവ്വസ്ഥിതിയിൽ ആകുന്നതു പ്രയാസസാദ്ധ്യമായും ഒരുവേള അസാദ്ധ്യമായും സംഭവിച്ചേക്കും. അപ്രകാരം സ്വാഭാവികദേഹസ്ഥിതിയിൽനിന്നും വ്യതിയാനം ഉണ്ടാകാതെ തന്നെ സൂക്ഷിച്ചിരിക്കേണ്ടതാകുന്നു രോഗങ്ങളുടെ പ്രവേശദ്വാരങ്ങളെ ഒക്കെയും പ്രതിബന്ധിച്ചുകൊണ്ടിരുന്നാൽ അവക്കു നമ്മുടെ ദേഹത്തെ ആക്രമിക്കുന്നതിന്നു എങ്ങിനെ അവകാശം ഉണ്ടാകും? രോഗങ്ങളുടെ കാരണങ്ങൾ ദുൎന്നിവാരങ്ങളായിരുന്നെങ്കിൽ നിൎവ്വാഹം ഇല്ലാ. എന്നാൽ പ്രായെണ അവ നിവാൎയ്യങ്ങളായിരിക്കുമ്പോൾ അവയെ തത്വം അറിയായ്കകൊണ്ടും താൽകാലികമായ ഔദാസീന്യം കൊണ്ടും നിരോധിക്കാതെ ഇരുന്ന ഭയങ്കരങ്ങളായും ആയുശ്ശോഷകരങ്ങളായും ഇരിക്കുന്നഓരോ രോ

ഗങ്ങളുടെ ആക്രമങ്ങൾക്ക വശംവദന്മാരായി ഭവിക്കുന്നത്ത വളരെ ഭയനിയമായ ഒരു അവസ്ഥ ആകുന്നു.

ഈ ദെശങ്ങളിൽ മരിക്കുന്ന ആളുകളിൽ അധികം പെരും ആയുസ്സിന്റെ മദ്ധ്യകാലത്തെ പൊലും പ്രാപിക്കാതെ, അല്പം ആലൊചന ഉണ്ടായിരുന്നാൽ നിവാൎയ്യങ്ങളായിരിക്കുന്ന രൊഗങ്ങൾ പിടിപെട്ടാകുന്നു ഇംഗ്ലാണ്ടിലും മററും സംഭവിക്കുന്ന മരണങ്ങളുടെ ക്രമം നൊക്കിയാൽ ഇവിടെ അതിലൊക്കെയും തുലൊം അധികമായിരിക്കും.

ഇപ്പൊൾ ഉദ്ദെശമായി കണക്കുകൂട്ടീട്ടുള്ളതിൽ ഇൻഡ്യായിൽ ആണ്ടുതൊറും ൩൦ ലക്ഷം ജനങ്ങൾ നിവാൎയ്യങ്ങളായിരിക്കുന്ന രൊഗങ്ങളാൽ മരിക്കുന്നു എന്നു കണ്ടിരിക്കുന്നു. ൩൦ ലക്ഷം ജനങ്ങൾ ആണ്ടുതൊറും മരിക്കതന്നെ ചെയ്യുമ്പൊൾ നിവാൎയ്യങ്ങളായിരിക്കുന്ന രൊഗങ്ങൾ പിടിപെട്ട കഷ്ടതകൾ അനുഭവിച്ചുംകൊണ്ട എത്ര ജനങ്ങൾ കാലംകഴിക്കുന്നുണ്ടായിരിക്കും.

ഇപ്പൊൾ ഈ രാജ്യത്തിലെ ആശുപത്രികളിൽ കിടക്കുന്ന രൊഗികളിൽ പത്തിനു ഏഴുവീതം ആളുകൾ ദെഹരക്ഷാക്രമങ്ങളെ അറിഞ്ഞു അവയെ അനുസരിച്ചിരുന്നാൽ വൎജ്ജിക്കാമായിരുന്ന രൊഗങ്ങളാൽ പീഡിതന്മാരായിരുന്നു എന്നു അറിയപ്പെട്ടിരിക്കുന്നു ഈ ക്രമത്തിനു ഇവിടെ സാമാന്യജനസമുദായത്തിലും ഇങ്ങനെയുള്ള രൊഗപീഡ ഉണ്ടായിരിക്കാം.

ഇപ്രകാരം ജനങ്ങളിൽ രൊഗൊപദ്രവങ്ങൾ പ്രചുരങ്ങളായിരുന്നാൽ ആ ജനസമുദായത്തിൽ പരിഷ്കാരത്തിനു വഴിയായി ബുദ്ധിയെ വിനിയൊഗിക്കുന്നതു ഏററവും ശ്രമമായിതീരും ദെഹത്തിനു ആരൊഗ്യവും ബുദ്ധിക്കു ശ്രമക്ഷമതയും ഉണ്ടായിരിക്കുമ്പൊൾ അല്ലൊ ആ ബുദ്ധിയെ അറിവുകൾ സംപാദിപ്പാനായി ക്ലെശിപ്പിക്കാൻ കഴിയുന്നത അങ്ങനെ ബുദ്ധിയെ ക്ലെശിപ്പിക്കാൻ കഴിയുന്ന കാലത്തിൽ ജനങ്ങൾ രൊഗാതുരന്മാരായി തീൎന്നാൽ പിന്നെ ബുദ്ധിയെ ഏതു പ്രമെയത്തിൽ ധൈൎയ്യത്തൊടു കൂടി പ്രവൎത്തിപ്പിക്കാൻ കഴിയും ദെഹത്തിനു ദൌൎബ്ബല്യം സംഭവിക്കയും അംഗങ്ങൾതൊറും തീവ്രങ്ങളായിരിക്കുന്ന വ്യഥകൾ പ്രതിക്ഷണം അ

കുറിക്കയും, ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നത തന്നെ കൊള്ളാവുന്നതെന്ന തൊന്നുകയും ചെയ്യുന്ന സ്ഥിതിയിൽ ജ്ഞാനം സമ്പാദിക്കുന്നതിന്ന ബുദ്ധിയെ പ്രവൃത്തിപ്പിക്കാൻ ആൎക്കമനസ്സുണ്ടാകും? ആൎക്കശക്തിയുണ്ടാകും? ഒരു തൎക്കം ഇല്ല ആയതുകൊണ്ട ദെഹത്തിന്ന ബലപുഷ്ടി ഉണ്ടായിരിക്കുന്ന സ്ഥിതിയിൽ അതിനെ സൽഫലത്തിനായി ഉപയൊഗിക്കാൻ വയ്യാതെ ആയിപ്പൊയാൽ ആജന സമുദായത്തിൽ ജ്ഞാനാഭിവൃദ്ധി ഉണ്ടാകുന്നത അസാദ്ധ്യംതന്നെ.

എന്നാൽ ദെഹസൌഖ്യത്തെ രക്ഷിക്കെണ്ടുന്നതിന്നുള്ള സാമാന്യനിയമങ്ങളെ അറിഞ്ഞു അവയെ അനുസരിച്ച ദിനചൎയ്യം നടത്തിക്കൊണ്ടിരുന്നാൽ ഇപ്രകാരം വയസ്സിന്റെ മദ്ധ്യസ്ഥിതിയിൽ തന്നെ രൊഗപീഡകൾ ഉണ്ടാകയും അപ്രാപ്തകാലമായി മൃതികൾ സംഭവിക്കയും ചെയ്കയില്ല സകലകാൎയ്യങ്ങളിലും ക്ലിപ്തങ്ങളായിരിക്കുന്ന നിയമങ്ങൾ ഉണ്ടല്ലൊ. ആ നിയമങ്ങളെ അനുസരിക്കാതെ ഇരുന്നാൽ ആ കാൎയ്യങ്ങൾക്ക ഹാനി ഉണ്ടാകുന്നതാകുന്നു അപ്രകാരം തന്നെ ആരൊഗ്യരക്ഷയുടെ നിയമങ്ങളെ അനുസരിക്കാതെ ഇരുന്നാൽ അതിന്ന ഹാനിസംഭവിക്കുന്നതു നിശ്ചയംതന്നെ.

ദെഹസൌഖ്യത്തിന്ന വ്യത്യാസംഉണ്ടായിട്ടതിന്ന പ്രതിവിധി ചെയ്യുന്നതിനെക്കാൾ പ്രക്ഷാളനാദ്ധിപംകസ്യദൂരാദസ്പൎശനം വരം എന്ന ന്യായെന അതിന്ന വ്യത്യാസംവന്നാൽ അതിനെ പൂൎവ്വസ്ഥിതിയിൽ ആക്കുന്നതിന്നുള്ള വഴികളെ പറയുന്നതിനെക്കാൾ അതുവരാതെ ഇരിക്കുന്നതിന്നുള്ളവഴികളെ പറയുന്നതാകുന്നു. യുക്തതരമായിട്ടുള്ളത ആയതുകൊണ്ട അല്പജാഗ്രതയാൽ നിവാൎയ്യങ്ങളായും അതിഭയങ്കരങ്ങളായും സാധാരണമായി സംഭവിക്കുന്നവയായും ഇരിക്കുന്ന ചില രൊഗങ്ങളെ കുറിച്ചും അവ ഉണ്ടാകാതെ ഇരിക്കുന്നതിന്നുള്ള വഴികളെയും ഇവിടെ സംക്ഷെപമായി പറയാം:-

മസൂരികാ, അല്ലെങ്കിൽ വസൂരി എത്രെയും ഭയങ്കരമായും വൃത്തികെട്ടുള്ളതായും ഇരിക്കുന്ന ഒരു വ്യാധി ആകുന്നു. ഇതു ഇതിന്ന സിദ്ധമായ ഒരുപ്രതിവിധി കണ്ടറിഞ്ഞു നടപ്പാകുന്നതിന്ന മുമ്പിൽ എത്ര സാധാരണമായി സംഭവിച്ചിരുന്നൊ അ

തുപൊലെ ഇപ്പൊൾ സംഭവിക്കുന്നതായിരുന്നാൽ എത്ര ജന
ങ്ങളുടെ പ്രാണനെ അപഹരിക്കുമായിരുന്നു? എന്നാൽ ഇ
പ്പൊൾ വസൂരികീറിവെക്കുക സാധാരണമായി നടപ്പാ
യിട്ടുള്ള ദിക്കുകളിൽ മരണത്തിന്റെ ഈ വലുതായിരിക്കുന്ന
ഭാരം പ്രതിബന്ധമായിരിക്കുന്നു. ഈ ദിവ്യമായും ലഘുവാ
യുമിരിക്കുന്ന ഉപായത്തെ കണ്ടറിഞ്ഞു ഉപയൊഗിച്ച ഡാക്ടർ
ജന്നർ എന്നആളിനൊടു മനുഷ്യജാതി എത്രമാത്രം കൃതജ്ഞത
ഉള്ളതായിരിക്കണം. ഇങ്ങനെ സിദ്ധമായിരിക്കുന്ന ഉപായം
ഉള്ളതായിരിക്കുമ്പൊൾ ഈ മഹാവ്യാധി കൂടാതെ ഇരിക്കുന്ന
തിന്നു നാം മറെറാരു കതതലും ചെയ്യെണ്ടതില്ലല്ലൊ. ചില ദെ
ശങ്ങളിൽ വസൂരി കീറി വെപ്പിക്കാതെ ഇരിക്കുന്നതിനെ കുററ
മായി വിചാരിച്ചു ശിക്ഷ ചെയ്കയും ജനൊപകാരത്തിനായി
ഈ ചികിത്സ ചെയ്യുന്നവൎക്കു ഗവൎമ്മെണ്ടിൽ നിന്നും സംഭാ
വനകൾ ചെയ്കയും ചെയ്യുവരുന്നു. ഈ രാജ്യത്തിൽ സൎക്കാരിൽ
നിന്നും ശമ്പളക്കാരരെ ആക്കി ജനങ്ങളുടെ ഗുണത്തിനായി വ
സൂരി കീറിവെപ്പിച്ചുവരുന്നു. ഇതിന്റെ ഫലം ഇപ്പൊൾ പ്ര
ത്യക്ഷമായിട്ടു കാണപ്പെടുകയും ചെയ്യുന്നു. ചിലര മൌഢ്യം
ഹെതുവായിട്ടൊ ഇതിന്റെ ഫലത്തിൽ വിശ്വാസം ഇല്ലായ്ക
കൊണ്ടൊ ഈ ദിവ്യ ചികിത്സയ്ക്കു അനുവദിക്കാതെ ഇരിക്കു
ന്നതിനാൽ ചിലപ്പൊൾ ഇങ്ങനെ ഉള്ളവരിൽ ഈ രൊഗം ഉ
ണ്ടാകുന്നുണ്ടു. കാലക്രമം കൊണ്ടു ഇതിന്റെ ഫലത്തെ ഇൻ
ഡ്യയിൽ എല്ലാപെരും അറിഞ്ഞു ഇതിനെ പ്രചാര മാക്കു
ന്നതിന്നു സ്വാത്മനാ പ്രയത്നപ്പെടും എന്നുള്ളതിന്നു യാതൊ
തൊരു സംശയവും ഇല്ലാ ഈ മഹാപീഡാകരമായ രൊഗത്തി
ന്നു കാരണം എന്തു തന്നെ ആയിരുന്നാലും ഈ സുലഭ ചികി
ത്സകൊണ്ടു ഇതു നിശ്ചയമായി നിവാൎയ്യ മായിരിക്കുമ്പൊൾ
എല്ലാപെരും ഇതിനെ ചെയ്യിക്കെണ്ടതാകുന്നു.

വിഷൂചികയും ഏററവും ഭയങ്കരത്ത ഉള്ള ഒരു രൊഗം ആ
കുന്നു. എന്നാൽ ഈ യിടെ ഇവിടെ ഇതിന്റെ ആക്രമങ്ങൾ
ഉണ്ടാകാതെ ഇരിക്കുന്നതിനെ വിചാരിച്ചു നാം ഈശ്വര
ന്റെ നെരെ എത്രയും കൃതജ്ഞത ഉള്ളവരായിരിക്കെണ്ടതാകു
ന്നു. ഈ രൊഗത്തിന്റെ നിദാനങ്ങളെയും ഇതിനെ നിരൊ

ധിക്കുന്നതിന നമ്മുടെ ശക്തിയിൽ അധീനങ്ങളായുള്ള വഴികളെയും ചുരുക്കമായി പറയാം ഓരൊ ഡാക്ടർമാര വിഷൂചികയുടെ കാരണങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നതു ഒക്കെയും ഒന്നുപൊലെതന്നെ ഇരിക്കുന്നു. തെരുവുകളിൽ ജനങ്ങൾ അധികമായി കൂട്ടം കൂടുകയും അവക്ക വെണ്ടുംവണ്ണം വിസ്താരം ഇല്ലാതെ ഇരിക്കുകയും അവയിൽ മലമൂത്രാദികളും മറ്റു വൃത്തികെട്ടുള്ള പദാൎത്ഥങ്ങളും എപ്പൊഴും ഉണ്ടായിരിക്കയും ജനങ്ങൾ പാൎക്കുന്ന വീടുകളിൽ വായുസഞ്ചാരം ഇല്ലാതെ ഇരിക്കയും ആഹാരങ്ങളിലും വസ്ത്രധാരണങ്ങളിലും മറ്റും വൃത്തിയും സൌഷ്ഠവവും ഇല്ലാതിരിക്കുകയും മറ്റും ആകുന്നു. ഇതിന്റെ കാരണങ്ങൾ എന്നു സകല വൈദ്യന്മാരാലും അഭ്യുപഗതമായിരിക്കുന്നു. ഓരൊ ദെശങ്ങളിൽ വൃത്തിയില്ലാതെ ഉള്ള ഓരൊ സ്ഥലങ്ങളിൽ മാത്രം ഈ രോഗത്തിന്റെ ബാധ ഉണ്ടായിരിക്കുകയും മറ്റു മാലിന്യം ഇല്ലാത്ത സ്ഥലങ്ങളിൽ ഇതിന്റെ ഉപദ്രവം തീരുമാനം ഇല്ലാതെ ഇരിക്കുകയും മെല്പറഞ്ഞതിന സ്പഷ്ടമായ തെളിവാകുന്നു ഇതിന്റെ കാരണം മനസ്സിലായാൽ ഇതിന്റെ നിവാരണൊപായവും മനസ്സിലായതുതന്നെ ആണല്ലൊ ഈ ഉപായങ്ങളിൽ പലതും രാജ്യത്തിൽ നിന്നും ചട്ടംകെട്ടി നടത്തെണ്ടതാകുന്നു എന്നാൽ ജനങ്ങൾ ചെയ്യെണ്ടതായിട്ടും വളരെ ഉണ്ടു. തെരുവുകൾ വൃത്തികെട കൂടാതെ ഇരിക്കുന്നതിന ചട്ടംകെട്ടെണ്ടുന്നതു രാജ്യത്തിൽനിന്നു ചെയ്യെണ്ടുന്നതിൽ മുഖ്യമായ ഒരു വെല ആകുന്നു. ഈയിടെ ഇവിടെ വിഷൂചികയുടെ ബാധ ഇല്ലാത്തതിന്റെ കാരണം മുഖ്യമായി തെരുവുകളിൽ മാലിന്യം കൂടാതെ ഇരിക്കുന്നതുതന്നെ ആകുന്നു. ജനങ്ങളും അവരവരുടെ വീടുകളെ വൃത്തിയാക്കിയും വെണ്ടുംവണ്ണം വായുസഞ്ചാരം ഉണ്ടാകത്തക്കതാക്കിയും വച്ചുകൊള്ളുകയും, തങ്ങളുടെ ആഹാരങ്ങളിൽ നിയമവും സ്വച്ഛതയും ഉള്ളവരായിരിക്കുകയും, തങ്ങൾ അകമെയും പുറമെയും ശുദ്ധമായും നിൎമ്മലമായും ഉള്ള ജലത്തെ ഉപയൊഗിക്കയും ചെയ്താൽ ആ ജനസമുദായത്തിൽ ഈ രോഗത്തിന്റെ പ്രസക്തി ഉണ്ടാകയില്ല.

ജ്വരവും ഏറ്റവും ഉപദ്രവകാരിയായ ഒരു രോഗം ആകു

ന്നു ഇതു അനെക പ്രകാരമായിട്ടുണ്ടു. ചില സമയങ്ങളിൽ ചിലെടത്തു ചില ജ്വരങ്ങൾ സംഭവിച്ചു അനവധി ജനങ്ങൾ അപായപ്പെടുന്നു-

ജ്വരചികിത്സയിൽ നാട്ടുവൈദ്യന്മാൎക്കു വലുതായിരിക്കുന്ന ഒരു ഭ്രമം ഉള്ളതിനെ ഇവിടെ പ്രസംഗിക്കെണ്ടതാകുന്നു. ഇവരുടെ പരമ സിദ്ധാന്തം ജ്വരിതന്മാരെ ലംഘിപ്പിക്കണം എന്നാകുന്നു. ലംഘനംകൊണ്ടു ജ്വരത്തിന്റെ സംരംഭത്തെ ശമിപ്പിക്കാമെന്നു വിചാരാക്കുന്നതു എണ്ണൊഴിക്കാതെ ദിപജ്വാലയെ ശമിപ്പിക്കുന്നതുപൊലെ ആകുന്നു എണ്ണ അവസാനിച്ചാൽ അഗ്നി ആ തിരിയിൽ ആക്രമിച്ചു അതിനെ ദഹിച്ചുതുടങ്ങുന്നതുപൊലെ ജ്വരത്തിന്റെ ശക്തികൊണ്ടു ദെഹത്തിൽ ധാതുക്ഷയം ഉണ്ടാകുന്നു. ഇതുകൊണ്ടു ജ്വരത്തിനു ശാന്തി ഉണ്ടാകുമെങ്കിലും ദെഹത്തിന്റെബലം ക്ഷയിച്ചു പൊകുന്നു. ഈ വിഷയത്തിൽ വളരെ യുക്തികൾ പറയാനുണ്ടായിരിക്കും എന്നാൽ ഇപ്പൊൾ ചികിത്സയെ അല്ലല്ലൊ പ്രസംഗിച്ചിരിക്കുന്നതു. ആയതുകൊണ്ടു ഇവിടെ ഇതിന്റെ കാരണങ്ങളെയും നിവാരണൊപായങ്ങളെയും മാത്രം ഇംഗ്ലീഷ ഡാക്ടൎമാരുടെ മതത്തെ അനുസരിച്ചു സംക്ഷിപ്തമായി പറയുന്നു.

ജലദൊഷംഹെതുവായിട്ടും മറ്റും ഉണ്ടാകുന്ന ജ്വരങ്ങളുടെ കാരണം സ്പഷ്ടമാകുന്നുവല്ലൊ ആയതകൊണ്ടു പ്രത്യക്ഷമായി കാരണങ്ങൾ ഒന്നും അറിവാൻ പാടില്ലാതെ ചിലതുള്ളപ്പനികളും മറ്റും ഉണ്ടാകുന്നതിന്റെ കാരണത്തെ ഡാക്ടൎമാർ വിചാരിച്ചിട്ടുള്ളതിനെ പറയാം ഇന്ദ്രിയങ്ങൾക്കു അഗൊചരമായും, സമശീതൊഷ്ണ സ്ഥിതിയിൽ നിന്നും അതിക്രമിച്ചിട്ടുള്ളതായ ദെശസ്ഥിതിയിൽ നനവുള്ള പ്രദെശങ്ങളിൽ ചീഞ്ഞ ഇലകളിൽ നിന്നും മറ്റും ഉത്ഭവിക്കുന്നതായും, രാത്രികാലങ്ങളിൽ അധികം ശക്തിയൊടുകൂടിയതായും ഒരുപദാൎത്ഥം ഉണ്ടു. ഇതിനെ 'മലെറിയാ, എന്നുവ്യവഹരിക്കുന്നു. ഇതിന്റെ ഉത്ഭവമാകുന്നു ചില ജ്വരങ്ങൾക്കു കാരണമായി വിചാരിക്കപ്പെട്ടിരിക്കുന്നതു. പലദേശങ്ങളിലും ഈ പദാൎത്ഥത്തിന്റെ ഉല്പത്തിക്കു ആനുകൂല്യം ഉള്ള സ്ഥലങ്ങളിൽ ജ്വരം വളരെ കലശലായി ഉണ്ടായിട്ടുണ്ടു ഇതിനു പ്രതിവിധി ഭവനങ്ങളുടെസ

മീപങ്ങളിലുള്ള നിബിഡങ്ങളായ കുററിക്കാടുകൾ, ചെടികൾ, വയ്ക്കോല്പുകൾ, പഴയൊലകൾ, ഇങ്ങിനെ ഉള്ളവയെ ഒക്കെയും തീയിട്ടു ചുട്ടുകളയുക ആകുന്നു ഇങ്ങിനെ ചെയ്തിട്ടുള്ള ദിക്കുകളിൽ ജ്വരം അധികമായി ഉണ്ടായിട്ടും ഇല്ല.

ഇപ്രകാരം എല്ലാ രൊഗങ്ങളുടെയും നിദാനങ്ങളെയും നിവാരണൊപായങ്ങളെയും പ്രത്യെകം പറയുന്നതിനെക്കാൾ സാമാന്യമായും മുഖ്യമായും ദെഹസൌഖ്യരക്ഷക്കു അപെക്ഷിതങ്ങളായി ചില സ്ഥിതികൾ വെണ്ടവയെ ഇവിടെ പറയാം അവയെ അപ്രകാരം അനുഷ്ഠിച്ചാൽ ആരൊഗ്യവും ദീൎഘായുസ്സും പ്രായെണ നിശ്ചയമായിട്ടുള്ളതാകുന്നു.

ആരൊഗ്യരക്ഷക്കു മുഖ്യമായി അപെക്ഷിതമായിട്ടുള്ളതു ശുദ്ധമായ വായുവിന്റെ സഞ്ചാരം ഉള്ള ഭവനങ്ങളിൽ ഇരിക്കുക ആകുന്നു അതുകൊണ്ടു വായുവിന്നു മാലിന്യം ഉണ്ടാകുന്ന വസ്തുക്കളെ ഭവനങ്ങളുടെ സമീപത്തുനിന്നും കളകയും ഭവനങ്ങളെ ധാരാളമായി വായുസഞ്ചാരം ഉണ്ടാകത്തക്കവണ്ണം പണിചെയ്യിക്കയും ചെയ്യുന്നത ആരൊഗ്യരക്ഷക്കു അത്യന്താപെക്ഷിതമാകുന്നു.

ദെഹത്തെ മാലിന്യംകൂടാതെ സൂക്ഷിക്കുകയും ആരൊഗ്യരക്ഷക്കു വളരെ ആവശ്യകമാകുന്നു, ഇതിന്നു മുഖ്യൊപായം സ്നാനം ആകുന്നു സ്നാനംകൊണ്ടു ത്വക്കിന്നു നൈൎമ്മല്യവും മൃദുത്വവും ശൈത്യവും ഉണ്ടാകുന്നതിനാൽ ത്വക്കിൽ മാലിന്യം കൊണ്ടും ഉഷ്ണംകൊണ്ടും ഉണ്ടാകുന്നവയായ രൊഗങ്ങൾ ഉണ്ടാകാതെയിരിക്കുന്നു.

വെള്ളം കുടിക്കുന്നതിലും വളരെ ജാഗ്രതയും സൂക്ഷ്മവും ചെയ്യാനുണ്ടു. പാനത്തിന്നും പാകത്തിന്നും മലിനമായ ജലത്തെ ഉപയൊഗിക്കുന്നതിനാൽ വളരെ ദെഹൊപദ്രവങ്ങൾ ഉണ്ടാകുന്നതാകുന്നു പ്രായെണ ഇവിടെ ഉള്ള കിണറുകളിലെ വെള്ളങ്ങളിൽ ഭൂതക്കണ്ണാടികൊണ്ടു നൊക്കിയാൽ ചെറിയ പുഴുക്കളെയും മററും കാണാം. ഈ വെള്ളംതന്നെ പാകംചെയ്തു ഉപയൊഗിച്ചാൽ യാതൊരു ഉപദ്രവവും ഉണ്ടാകയില്ല.

ആഹാരത്തിൽ വ്യവസ്ഥ ഉണ്ടായിരിക്കുക ആരൊഗ്യരക്ഷക്കു അവശ്യം അപെക്ഷിതമാകുന്നു. നിയത കാലങ്ങളിൽ

ങ്ങൾക്ക ഹിതമായുള്ള ആഹാരത്തെ മിതമായി ഭക്ഷിക്കുന്ന
ശീലം ഉള്ളവര പ്രായെണ നിരാമയന്മാരായിരിക്കും. കാല
വ്യവസ്ഥ ഇല്ലാതെയും ബുഭുക്ഷയുടെശക്തികൊണ്ടു സാമാന്യ
ത്തിലധികമായും ഭക്ഷണം കഴിക്കുന്ന ജനങ്ങൾക്ക അനെ
കരൊഗങ്ങൾ ഉണ്ടാകും. വയറു അറിഞ്ഞുഭക്ഷിക്കണം എന്ന
ുള്ള ചൊല്ലു സാരമുള്ളതാകുന്നു. അവനവന്റെ ജഠരാഗ്നിയി
ൽ നിരായാസമായി ദഹിക്കുന്നവസ്തുക്കളെ മാത്രമെ ഭുജിക്കാ
വൂ. വൈദ്യപുസ്തകങ്ങളിൽ അതിഭക്ഷണം നിമിത്തമായിട്ടു
ഉണ്ടാകുന്നതായിപറയപ്പെട്ടിട്ടുള്ള "അലസകം, ദണ്ഡാലസ
കംമുതലായ രൊഗങ്ങൾഅതിഭയങ്കരങ്ങളാകുന്നു. ശരീരസുഖ
ത്തിന്നുഹാനിചെയ്യുന്ന അന്നപാനങ്ങളെ ഒരുനാളും ഉപയൊ
ഗിച്ചു ശീലിക്കരുത.

യഥാശക്തി വ്യായാമം ചെയ്യുന്നതും നിരാമയത്വത്തി
ന്നു സിദ്ധമായ ഒരുഹെതുവാകുന്നു. നിയമെന വ്യായാമംചെ
യ്യുന്നതിനാൽ ദുർമ്മെദസ്സുകൾ ക്ഷയിച്ചു അംഗങ്ങൾക്ക ദാർഢ്യ
വും ലാഘവവും ഉണ്ടാകുന്നു. ൟ ദിക്കുകളിൽധനികന്മാരായി
രിക്കുന്ന ആളുകൾക്ക സാധാരണമായി ഒരു ഭ്രമംഉള്ളതു എ
ന്തെന്നാൽ മൃഷ്ടമായി ഭക്ഷണംകഴിച്ചു ദെഹത്തിന്നു ശ്രമം
കൊടുക്കാതെ യിരിക്കുന്നതാണ. വാസ്തവമായ സുഖം എന്നാ
കുന്നു എന്നാൽ ൟ ഭ്രമത്തൊടുകൂടിയിരിക്കുന്ന ആളുകൾക്ക
വളരെ ഉപദ്രവകാരികളായ രൊഗങ്ങളും വന്നുകൂടുന്നു. പ്രത്യു
ത, ഉചിതകാലങ്ങളിൽ നിയമെന ദെഹബലത്തെ അനുസ
രിച്ചുവ്യായാമം ചെയ്യുന്നവൎക്കു ദെഹത്തിന്നുസ്ഥിരമായ ബല
വും ആരൊഗ്യവും സിദ്ധമായിട്ടുണ്ടായിരിക്കുന്നു.

ആരൊഗ്യരക്ഷക്കു നിദ്രയിലും നിയമം വെണ്ടതാകുന്നു.
നിദ്രയിൽ നിയമം എന്തെന്നാൽനിദ്രായൊഗ്യമായ കാലത്തിൽ
ഉറങ്ങുകയുംഅല്ലാതെ ഉള്ള കാലത്തിൽ ഉറങ്ങാതെയിരിക്കുകയും
ആകുന്നു. മലയാളികളിൽപ്രായെണപകൽ ഊണു കഴിഞ്ഞാൽ
അസാരം കിടക്കണം എന്നുപറഞ്ഞു രണ്ടുനാഴികനെരം എങ്കി
ലുംനല്ലവണ്ണംഉറങ്ങാതെ ഉള്ളആളുകൾ വളരെ ചുരുക്കമായിട്ടെ
ഉള്ളൂ. ൟ പരിചയം ദെഹസൌഖ്യത്തിന്നു വളരെ ഹാനികര
മാകുന്നു. എന്നാൽദിവാസ്വാപം വിഹിതമായിട്ടുള്ള ബാലന്മാ

ര, ദുൎവ്വചന്മാര, വൃദ്ധന്മാര, ഇവൎക്കു അതു വെണ്ടുന്നതാകുന്നു ഇങ്ങിനെ യുള്ളവരല്ലാത്ത ആളുകൾ പകൽ ഉറങ്ങുന്ന ശീലത്തെ ഒരിക്കലും പരിചയിക്കരുത.

വെളുപ്പാൻ കാലത്തെ ഉണൎന്നിരിക്കുന്നതും ആരൊഗ്യത്തിന്റെയും ആയുസ്സിന്റെയും അഭിവൃദ്ധിക്കു ഹെതുവാകുന്നു

സകലജനങ്ങളും ൟ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ നല്ലവണ്ണം ശ്രദ്ധചെയ്യെണ്ടതാകുന്നു. തറവാട്ടിൽ പ്രാധാന്യം ഉള്ള ആളുകൾ ഒന്നാമതു ചെയ്യെണ്ടുന്നവെല തങ്ങളുടെ തറവാട്ടിൽ ഉള്ള ജനങ്ങൾക്കു ആരൊഗ്യരക്ഷക്കുള്ള ഉപായങ്ങളെ സ്ഥിരീകരിക്ക ആകുന്നു. രാജ്യത്തിൽ പ്രജാക്ഷെമത്തിന്നായി ചെയ്യെണ്ടുന്ന കാൎയ്യങ്ങളിലും മുഖ്യമായിട്ട വെണ്ടുന്നതു ജനങ്ങൾക്കു ആരൊഗ്യരക്ഷക്കു വെണ്ടുന്നതൊക്കെയും ചെയ്ക ആകുന്നു. ഇപ്രകാരം എല്ലാവരും ൟ വലുതായിരിക്കുന്ന കാൎയ്യത്തിൽ ജാഗ്രതകന്മാരായിരുന്നാൽ ജനങ്ങൾക്കു ആരൊഗ്യവും ആയുസ്സും സമൃദ്ധമായിരിക്കും.

---

## ൟ ദെശത്തിൽ ഇപ്പൊൾ ജനസാമാന്യം അധിവസിക്കുന്ന ഭവനങ്ങളെയും അവ ഏതു വിധമായി ഇരിക്കണമെന്നുള്ളതിനെയും കുറിച്ചു.

ൟ ദെശത്തിൽ ഇപ്പൊൾ സാമാന്യ ജനങ്ങൾ അധിവസിക്കുന്ന ഭവനങ്ങൾ ദെഹസൌഖ്യത്തിനു ഹാനിഭവിക്കാതെയും കാഴ്ചക്കു സന്തൊഷകരങ്ങളായും ഇരിക്കുന്ന വിധത്തിൽ ഉണ്ടാക്കപ്പെട്ടവ ആകുന്നില്ല. എന്തെന്നാൽ ൟ ഭവനങ്ങളിൽ ധാരാളമായി വായു സഞ്ചാരവും തടവുകൂടാതെ വെളിച്ചവും ഉള്ളസ്ഥലങ്ങൾ വളരെ ചുരുക്കമായിരിക്കുന്നു എന്നാൽ സാമാന്യം ഉൽപത്തി ഉള്ള മാന്യയാളികൾ ഒരുനാലുകെട്ടും നടുവിൽ മിററവും ആയി ഒരുമാതിരിപ്പണികൾ ചെയ്യിപ്പിക്കുന്നതു വളരെ ദുൎല്ലഭമാകുന്നില്ല. ഇങ്ങിനെ ഉള്ള പണികളിൽ ആനാലുകെട്ടിൽ തടവുകൂടാതെ വെളിച്ചം ഉണ്ടായിരിക്കുമെങ്കിലും അതിന്റെ ചുററും അറകളും മുറികളും വയ്ക്കുന്ന

തിനാൽ വായുവിന്റെ സ്വഛന്ദസഞ്ചാരം ഉണ്ടായിരിക്കയില്ലെന്നു ഒരു ദോഷം സംഭവിക്കാം അത്രതന്നെയുമല്ല ഇങ്ങനെ ഉള്ള ഭവനങ്ങളിൽ ആളുകൾ പാൎക്കുന്നതു പെറെ മുറികളിൽ ആയിരിക്കും ആ മുറികൾ ഇതുപൊലെ തുറസ്സുള്ളവയായിരിക്കയില്ലാ ഠരം നാലുകെട്ടിന്റെ ഉപയൊഗം എന്തെങ്കിലും അടിയന്തിരങ്ങൾ ഉണ്ടാകുമ്പൊൾ സദ്യക്കും മറവും ആകുന്നു.

ഭവനങ്ങളിൽ ധാരാളമായി വായുസഞ്ചാരം ഉണ്ടായിരിക്കുന്നതിനു വിസ്താരമുള്ള വാതായനങ്ങളെ ഉണ്ടാക്കെണ്ടതാകുന്നു ഇവിടെ ചില ഭവനങ്ങളിൽ ഒരാളിനു കഷ്ടിച്ചു മുഖംമാത്രം വെളിയിൽ കടത്തത്തക്കവണ്ണം വിസ്താരമുള്ള 'കിളിവാതിലുകൾ' ഉണ്ടാക്കിയിരിക്കുന്നതു കണ്ടാൽ ഇവയെക്കൊണ്ടു ഉദ്ദെശിക്കപ്പെട്ടിട്ടുള്ള ഫലം നിഷ്പ്രതിബന്ധമായി വായു സഞ്ചാരം ഉണ്ടാകെണം എന്നായിരിക്കയില്ലെന്നു തൊന്നുന്നു. വാതായനങ്ങൾ ഉണ്ടാക്കിക്കുന്നതു വായുവിന്റെ പ്രവെശനത്തിനും നിൎഗ്ഗമത്തിനും അവകാശം ഉണ്ടായിരിക്കത്തക്കവണ്ണം വെണം. ഒരുവഴിയായി വായു ഉള്ളിൽ വന്നാൽ പ്രതിബന്ധമായി അവിടെ നിൽക്കാതെ വെളിയിൽ പൊകുന്നതിനും ദ്വാരം ഉണ്ടായിരിക്കണം. ഇങ്ങനെ ആയാൽ അനൎഗ്ഗളമായി വായുവിന്റെ പ്രചാരം ഉണ്ടായിരിക്കും.

ഠരം ദിക്കുകളിൽ സാമാന്യെന ഗൃഹങ്ങളിൽ വല്മീകങ്ങൾ അധികം താണിരിക്കുന്നു. ഇതുകൊണ്ടു വെളിച്ചത്തിന്റെ പ്രസരവും വായുസഞ്ചാരവും പ്രതിബദ്ധങ്ങളാകുന്നു. ഇങ്ങനെ ഉള്ള ഭവനങ്ങളിൽ സഞ്ചരിച്ചു ശീലിച്ചിട്ടില്ലാത്ത ആളുകൾക്കു മെൽപറയപ്പെട്ടവയെ അപെക്ഷിച്ചു അല്പംകൂടി അനിഷ്ടങ്ങളായ ഫലങ്ങളും സംഭവിക്കാം എന്തെന്നാൽ, ചിലപ്പൊൾ കഴക്കൊലിന്റെ അഗ്രത്തിൽ കൊണ്ടു ശിരസ്സിൽ അല്പമായി ഒരു മുറിവ ഉണ്ടായി എന്നും വന്നെക്കാം.

സാധാരണമായി ഠരം ഭവനങ്ങളിൽ തട്ടുകൾതന്നെ വളരെ താണിരിക്കും ഇതിനാൽ ഇവയുടെ അന്തൎഭാഗങ്ങളിൽ വായുവിനു സങ്കൊചംഭവിക്കുന്നു. ഇത്രതന്നെയുമല്ലാ, ഠരം തട്ടുകളിൽ ഒരു വിളക്കു തൂക്കിയാൽ കെവലം വാമനനല്ലാതെ

ഇരിക്കുന്ന ഒരുത്തൻ കരുതിവെണം അവിടെ ഗതാഗതം ചെയ്യുന്നതിന ഭവനങ്ങളുടെ തട്ടുകൾ സാമാന്യം ഉയൎന്നിരിക്കുന്നതു കാഴ്ചക്കു ഭംഗി ഉള്ളതും, ഉള്ളിൽ വായുസഞ്ചാരത്തിന അധികം അവകാശം ഉണ്ടാകുന്നതിനാൽ ദേഹസുഖത്തിന ഹേതുവായിത്തീരുന്നതും ആകുന്നു.

ഇവിടങ്ങളിൽ വാതിലുകളുടെ സ്വരൂപവും അവയുടെ ഘടനാപ്രകാരവും വളരെ വിലക്ഷണമാകുന്നു. ഇപ്പോൾ ചിലദിക്കുകളിൽ ഒക്കെയും ഭേദങ്ങൾ ചെയ്തുവരുന്നുണ്ടെങ്കിലും പലദിക്കുകളിലും പഴയമാതിരിയിൽ ഉണ്ടാക്കപ്പെട്ട വാതിലുകൾ ഉണ്ടു. നാട്ടുദിക്കുകളിൽ ചിലദിക്കിൽ ഇപ്പോഴത്തെ പരിഷ്കരിക്കപ്പെട്ടിട്ടുള്ള മാതിരി അറിയായ്കകൊണ്ടോ അതൊ പഴയ മാതിരിതന്നെ നന്നെന്നുള്ള രുചിഭേദംകൊണ്ടോ മുമ്പിലത്തെ മാതിരിയായിതന്നെ വാതിലുകൾ ഉണ്ടാക്കപ്പെടുന്നു. ഇങ്ങനെ ഉള്ള പണിയിൽ വാതിലുകളെ കട്ടിളകളിൽ ചെത്തിരിക്കുന്നതും അവയിൽ പൂട്ട, ഓടാമ്പൽ, സാക്ഷാ, മുതലായവ തറച്ചിരിക്കുന്നതും മറ്റും ഏറ്റവും അപരിഷ്കാര സൂചകങ്ങളായിരിക്കുന്നു ഈ പണിയിൽ മരത്തിനും ഇരിമ്പിനും മറ്റും അനാവശ്യമായി അധികവ്യയം വേണ്ടിവരികയും കതകു തുറക്കുകയൊ അടയ്ക്കുകയൊ ചെയ്യുന്നതിന അധികശ്രമം ഭവിക്കയും അപ്പോൾ ശ്രവണാരുന്തുദമായ ശബ്ദം ഉണ്ടാകയും മറ്റും ചെയ്യുന്നു ഇപ്പോൾ ഇങ്ങനെയുള്ള പണിയുടെ അപരിഷ്കാരത്തെ അറിഞ്ഞു ചിലദിക്കിൽ ഭേദപ്പെടുത്തി പണികൾ ചെയ്തുവരുന്നതിൽ വാതിൽപണികളിൽ ചുഴിക്കുററി, സാക്ഷ, താഴ മുതലായവ ഉണ്ടായിരുന്നതിനെ തള്ളി പുതിയായ വിജാവരികളും ചെറിയ മുടക്കങ്ങളും വൃത്തിയുള്ള പൂട്ടുകളും ഉണ്ടാക്കിച്ചുവരുന്നതു എത്രസൌഷ്ഠവവും ഭംഗിയും ഉള്ളതായിരിക്കുന്നു

ഗൃഹങ്ങളിൽ ഇരിക്കാനുള്ള സ്ഥലങ്ങളിൽ നിന്നും കുറയ ദൂരത്തിൽ ആയിരക്കണം മററു ആവശ്യത്തിനുള്ള സ്ഥലങ്ങളെല്ലാം. പ്രായെണ മലയാളികൾ ഭവനങ്ങൾ പണിയിക്കുന്നതിൽ മുഖ്യമായിട്ടു ഒരു ഭാഗം ആകുന്നു, അവർ ശ്രദ്ധചെയ്തു നൊക്കുന്നത, അത എന്തെന്നാൽ, നീർക്കാപ്പുര പണിയിക്കു

ന്നതു ഇതിനെ ഇവർ ഗ്രഹത്തോടുചെൎത്തു എത്രയും വൃത്തിയായിട്ടു ഉണ്ടാക്കിക്കുന്നു. മലമൂത്രാദിവിസൎജ്ജനം ഇരിക്കുന്നസ്ഥലത്തുനിന്നും കഴിയുന്നിടത്തോളം അകലെ വെണ്ടുന്നതാകുന്നു പുകയെയും അഗ്നിയുടെ ഊഷ്മാവിനെയും വൎജ്ജിക്കുന്നതിനായി പാകസ്ഥലത്തെയും ദൂരത്തിൽ ഉണ്ടാക്കെണ്ടതാകുന്നു.

ഇവിടെ ജനങ്ങൾ പ്രായെണ ദരിദ്രന്മാരാകയാൽ അവർ ഇരിക്കുന്ന ഭവനങ്ങളെ വിശാലങ്ങളായും മറ്റും ഉണ്ടാക്കുന്നതിന്നു അവൎക്കു കഴികയില്ലെങ്കിലും അവരുടെ ശക്തിപൊലെ ഉണ്ടാക്കുന്ന ഭവനങ്ങളെ കഴിയുന്ന വിഷയങ്ങളിൽ മെല്പറഞ്ഞതുപൊലെ ഒക്കെയും ഉണ്ടാക്കിക്കാനുള്ളതാകുന്നു.

ഭവനങ്ങൾ മെൽപറഞ്ഞ പ്രകാരമായിരുന്നാൽ അവ കാഴ്ചക്കു രമണീയങ്ങളായും മുഖ്യമായി ദെഹ സൌഖ്യത്തിന്നു പ്രയൊജകങ്ങളായും ഇരിക്കും.

---

## കമ്പിത്തപാലിനെകുറിച്ച.

കമ്പിത്തപാൽ എന്നുള്ളതു ഈ കാലത്തുള്ളതിൽ അത്യത്ഭുതമായും ജനങ്ങൾക്കു അത്യന്തം ഉപയൊഗം ഉള്ളതായും ഇരിക്കുന്ന ഒരു സാധനമാകുന്നു. ഏകദെശം അറുപതു വൎഷത്തിന്നു മുമ്പിൽ ഉണ്ടായിരുന്ന അതിബുദ്ധിമാന്മാരായിരിക്കുന്ന ആളുകളും അതിദൂരസ്ഥിതങ്ങളായ ദെശങ്ങളിലുണ്ടാകുന്ന വൎത്തമാനങ്ങളെ അല്പീയസ്തരമായ കാലംകൊണ്ടു അന്യൊന്യം അറിയിക്കത്തക്കവണ്ണം ഇപ്രകാരം ഒരു ദിവ്യമായ സാധനം ഉണ്ടാകുമെന്നു സ്വപ്നെപി വിചാരിച്ചിരിക്കയില്ല. എന്നാൽ ഇപ്പൊൾ അപ്രകാരം ഒരുസാധനം നമ്മുടെദെശത്തു തന്നെ നമുക്കു പ്രത്യക്ഷമായി കാണാവുന്നതും തന്മൂലമായി അസംഖ്യയൊജനങ്ങൾ അകലെ ഉള്ള ദെശങ്ങളിൽനിന്നു വൎത്തമാനങ്ങൾ ഉടനെ അറിയുകയും ഇവിടത്തെ വൎത്തമാനങ്ങൾ അങ്ങൊട്ടു അറിയിക്കയും ചെയ്യാവുന്നതും ആയി സംഭവിച്ചിരിക്കുന്നു.

ഈ മഹാത്ഭുതമായ സാധനത്തിന്റെ സ്വരൂപത്തെ ഏകദെശമെങ്കിലും നാംഗ്രഹിച്ചിരിക്കെണ്ടതാകുന്നു. ആയ്തുകൊണ്ടു അതിനെ സംക്ഷിപ്തമായി പറയുന്നു

നാം കമ്പിതപാൽ എന്നു വ്യവഹരിക്കുന്നതിനു ഇംഗ്ലീഷിൽ ഉള്ളപെര "ഇലക്ടർക്കടെലിഗ്രാഫ" എന്നാകുന്നു. എന്തെന്നാൽ അതിന്റെ പ്രവൃത്തികയായിരിക്കുന്ന ശക്തി ഇംഗ്ലീഷിൽ "ഇലക്ടർസിററി" എന്നു പറയപ്പെട്ടതാകുന്നു. എപ്രകാരമൊ ഒരു ആവി യന്ത്രത്തിനു പ്രവൎത്തികയായ ശക്തി ആവിയാകുന്നു, അപ്രകാരം ഇലക്ടർക്കടെലിഗ്രാഫിന്നു പ്രവൎത്തികയായ ശക്തി ഇലക്ടർസിററിയാകുന്നു. അപ്പൊൾ, ആവിയന്ത്രം എപ്രകാരമൊ ആവിയും ചില യന്ത്ര വിശെഷങ്ങളും കൂടിട്ടുത്ഭവിച്ചതാകുന്നു. അപ്രകാരം തന്നെ കമ്പിതപാൽ ഇലക്ടർസിററി എന്ന ശക്തിയും ചില യന്ത്രവിശെഷങ്ങളും കൂടീട്ടുണ്ടായതാകുന്നു. ൟ ശക്തി ജീവൻപൊലെയും യന്ത്രം ദെഹംപൊലെയും ആകുന്നു. ദെഹത്തിനു ജീവൻ ഇല്ലാതെ ഇരുന്നാൽ അത എങ്ങനെയൊ നിൎവ്യാപാരമായിരിക്കും അങ്ങിനെ തന്നെ കമ്പിതപാലിന്റെ യന്ത്രം ഇലക്ടർസിററി എന്ന ശക്തിയൊടു കൂടാതെ ഇരുന്നാൽ യാതൊന്നിനും സാധകമാകയില്ലാ.

ഇലക്ടർസിററി എന്ന ശക്തിയുടെ സ്വരൂപത്തെ നിശ്ചയിച്ചു മനസ്സിലാക്കുന്നത പ്രയാസമാകുന്നു. അതിനെക്കുറിച്ചു ഓരൊ വിദ്വാന്മാര ഓരൊ പ്രകാരമായിട്ടു അഭിപ്രായപ്പെട്ടും ഇരിക്കുന്നു എന്നാൽ അത അനുഭവംകൊണ്ടു നമുക്ക അറിയാവുന്നതാകുന്നു എന്തെന്നാൽ അതിനെ ഉപയൊഗിക്കുന്നതിന്റെ പ്രകാരഭെദം കൊണ്ടു ശബ്ദസ്പൎശരൂപരസഗന്ധങ്ങളെ ജനിപ്പിക്കാവുന്നതാകയാൽ അത നമുക്ക പഞ്ചെന്ദ്രിയങ്ങൾക്കും പ്രത്യക്ഷമായിതീരും

ൟ വസ്തു അന്തൎഗ്ഗതമായിട്ടു ഭൂമിയിലും ജലത്തിലും ആകാശത്തിലും സകല പദാൎത്ഥങ്ങളിലും ഉള്ളതാകുന്നു. ഇതു സ്വാഭാവികമായും കൃത്രിമമായും അനെകം കാരണത്താൽ പ്രകടീഭവിക്കുന്നു.

ഇതിനെ പലപ്രകാരമായിട്ടു ജനിപ്പിക്കാമെന്നുള്ളതിൽ കമ്പിതപാലിനു ഉപയുക്തമായിട്ടു ഇപ്പൊൾ ചെയ്തുവരുന്ന വഴിയെ പ്രകൃതമാകകൊണ്ടു ഇവിടെ വിവരിക്കുന്നു.

ഇലക്ടർസിററിയെ ജനിപ്പിക്കുന്നതിനു എത്രെയും സാ

ധാരണമായിട്ടുള്ള ഒരുവഴി ഭിന്നങ്ങളായ എന്തെങ്കിലും രണ്ടു ലൊഹ ഖണ്ഡങ്ങളെ എടുത്തു എന്തെങ്കിലും ദ്രവമായ സാധനത്തിൽ ഇട്ടു അവയുടെ പ്രകൃത്യാ ഉള്ള സ്ഥിതിക്കു ഭെദജനനം ആകുന്നു. സാധാരണമായ ജലം ഇപ്രകാരം ഭെദജനനത്തിനു ശക്തമാകുന്നില്ല ആയതുകൊണ്ടു ഉപ്പുവെള്ളമൊ എന്തെങ്കിലും ദ്രാവകമൊ ഉപയൊഗിക്കപ്പെടുന്നു. നാഗവും ചെമ്പും ൟ ദ്രവദ്രവ്യങ്ങളാൽ എളുപ്പത്തിൽ വികാരത്തെ പ്രാപിപ്പിക്കപ്പെടുന്നതു കൊണ്ടു എന്തെങ്കിലും ഭിന്നങ്ങളായ രണ്ടു ലൊഹങ്ങൾക്കു പകരം അവയെ ആകുന്നു ഗ്രഹിച്ചു വരുന്നത. ആയതുകൊണ്ടു നാകത്തിന്റെയും ചെമ്പിന്റെയും ഓരോ ഖണ്ഡം എടുത്തു ഉപ്പുവെള്ളത്തിൽ ഇട്ടു അവയിൽ ഓരൊ കമ്പികളെ ബന്ധിച്ചു ആ കമ്പികളെ തങ്ങളിൽ യൊജിപ്പിച്ചാൽ തൽക്ഷണത്തിൽ ഇലക്‌ടർസിററി ഉത്ഭവിക്കുന്നു എന്നാൽ ഇപ്രകാരം ഉൽഭൂതയായ ഇലക്‌ടർസിററി നമുക്കു ഉപലബ്ധയായി ഭവിക്കുന്നില്ല. എന്തെന്നാൽ നമ്മുടെ ചക്ഷുരാദിന്ദ്രിയങ്ങൾക്കു അത്യന്ത സൂക്ഷ്മങ്ങളായ സാധനങ്ങളെ ഗ്രഹിക്കുന്നതിൽ ശക്തിയില്ല. അതുകൊണ്ടു മെല്പറഞ്ഞ പ്രകാരം ചെയ്താൽ ഇലക്‌ടർസിററി ഉത്ഭവിക്കുന്നു എന്നു ബൊധം വരുത്തെണമെങ്കിൽ ൟ നിഗൂഢയായ ശക്തിയെ നമുക്കു പ്രത്യക്ഷീകരിക്കുന്നതായ ഒരുസാധനം വെണം. അങ്ങനെ ഉള്ളതായിട്ടു "ഗാൽവാനമെററർ" എന്ന ഒരുയന്ത്രം ഉണ്ടു. അതിന്നു ഒരു അയസ്കാന്ത സൂചി ലംബിച്ചിട്ടുള്ളതിന്റെ സമീപത്തുകൂടി ഇലക്‌ടർസിററിയെ പ്രവൎത്തിപ്പിച്ചാൽ ആ സൂചിക്കു ഉടനെ ചലനം ഉണ്ടാകുന്നതാകുന്നു. ഇപ്രകാരം ഉത്ഭവിക്കപ്പെട്ടതായുള്ള ഇലക്‌ടർസിററിക്കു "ഗാൽവാനിക്കു ഇലക്‌ടർസിററി" എന്നു പെരാകുന്നു. ൟ ഇലക്‌ടർസിററിയെ അധികം ശക്തിയോടുകൂടി ജനിപ്പിക്കുന്നതിനായി അധികം വലിപ്പത്തൊടുകൂടി ഉപയൊഗിക്കപ്പെടുന്ന മെല്പറഞ്ഞ സാധനങ്ങളുടെ സാമഗ്രിക്കു "ബാററി" എന്നു പെരാകുന്നു. ൟ ഇലക്‌ടർസിററി ഗാൽവാനിക്കു ഇലക്‌ടർസിററി ആകകൊണ്ടു അതിനെ ജനിപ്പിക്കുന്നതായ ബാററിയെ ഗാൽവാനിക്കു ബാററി എന്നു പറയുന്നു അപ്പോൾ ഒരു ഗാൽവാനിക്കു ബാററി എന്നു വെച്ചാൽ

വളരെ നാകത്തകിട്ടുകളും ചെമ്പുതകിട്ടുകളും കൂടീട്ടുള്ളതാകുന്നു ഇതിൽ ഓരൊ നാകത്തകിട്ടും ഓരൊ ചെമ്പുതകിട്ടും കൂടി പ്രത്യെകം പ്രത്യെകം ജനിപ്പിക്കുന്ന ഇലക്കടർസിററി സംഹതയായി ഭവിക്കുമ്പോൾ അതിന്റെ ശക്തി വളരെ വർദ്ധിക്കുന്നു അതുപൊലെ ആ തകിട്ടുകൾക്കു വലിപ്പം കൂടുന്നെടത്തൊളം ഇലക്കടർസിററിയും അധികം ശക്തിയുള്ളതായിട്ടു ഭവിക്കും, അപ്രകാരം തന്നെ കെവലം ഉപ്പുവെള്ളത്തിനു പകരം ശക്തിയുള്ള ദ്രവകങ്ങളെ ഉപയൊഗിച്ചാൽ ഇലക്കടർ സിററിക്കു അധികം ശക്തി ഉണ്ടാകുന്നതാകുന്നു.

ഇപ്രകാരമുള്ള ഇലക്കടർ സിററിയെ ജനിപ്പിക്കുന്നതും ഇല്ലാതെ ആക്കുന്നതും നമുക്കു എത്രയും അധീനമായിട്ടുള്ളതാകുന്നു. എന്തെന്നാൽ മെല്പറഞ്ഞപ്രകാരം ഭിന്നങ്ങളായ ലൊഹങ്ങളെ ദ്രവകങ്ങളിൽ ഇട്ടു അവയിൽ രണ്ടു കമ്പികളെ ബന്ധിച്ചു ആ കമ്പികളെ തങ്ങളിൽ യൊജിപ്പിക്കുന്ന ക്ഷണത്തിൽ ഇലക്കടർസിററി ഉത്ഭവിക്കുന്നു വിയൊജിപ്പിക്കുന്ന ക്ഷണത്തിൽ അതു നശിക്കയും ചെയ്യുന്നു, അതിനാൽ ഈ ശക്തിയുടെ ഉല്പത്തിനാശങ്ങൾ നമ്മുടെ ഇഷ്ടാധീനങ്ങളാകുന്നു.

ഗാൽവാനിക ബാററിയാൽ ഉത്ഭവിക്കപ്പെട്ടതായ ഇലക്കടർസിററിക്കു ഇനി ഒരു അസാധാരണമായുള്ള വിശെഷം എന്തെന്നാൽ അതു ലൊഹങ്ങളെ കൊണ്ടുള്ള കമ്പികളിൽ കൂടി വളരെ ദൂരത്തൊളം പ്രചരിക്കുന്നതിനു ശക്തി ഉള്ളതാകുന്നു ബാററിയിൽ ഉള്ള നാകത്തകിട്ടിലും ചെമ്പുതകിട്ടിലും എത്രഎങ്കിലും നീളമുള്ളതായി പ്രത്യെകം ഒരൊരൊ കമ്പി ബന്ധിച്ചു ആ കമ്പികളെ കഴിയുന്നിടത്തൊളം ദൂരത്തു കൊണ്ടുപൊയിട്ടും തങ്ങളിൽ യൊജിപ്പിച്ചാൽ ഉടനെ ഇലക്കടർ സിററി ഉത്ഭവിച്ചു ഒരു തകിട്ടിൽ നിന്നും അതിൽ ബന്ധിച്ചിട്ടുള്ള കമ്പിയിൽ കൂടി പ്രചരിച്ചു മറെറ കമ്പിയിൽ കൂടി മറെറ തകിട്ടിലെക്കു തിരിച്ചു പൊരുന്നു.

ഇലക്കടർസിററി ഇപ്രകാരം ചുററി വരുന്നതിന്റെ വെഗം അപരിച്ഛിന്നമാകുന്നു. അത ഇതുവരെയായിട്ടും ക്ലിപ്തമായി നിശ്ചയിക്കപ്പെട്ടിട്ടില്ല എങ്കിലും സാമാന്യെന വിദ്വാന്മാർ സിദ്ധാന്തിച്ചിരിക്കുന്നത ഇലക്കടർസിററിക്കു ഭൂമിയുടെ എ

തെങ്കിലും ഒരുഭാഗത്തിൽ നിന്നും മറെറതെങ്കിലും ഒരുഭാഗത്തെക്കു പ്രവഹിക്കുന്നതിനു ഒരു നിമെഷകാലത്തിന്റെ എത്രയും അല്പമായ ഒരു അംശം മതി എന്നാകുന്നു

ഇപ്പൊൾ പറഞ്ഞുവന്നതുകൊണ്ടു ഇലക്ടർ സിററിയെ ഉത്ഭവിച്ചു പ്രവർത്തിപ്പിക്കാവുന്നതാകുന്നു എന്നുള്ള പ്രതിപാദിതമായല്ലൊ ഇപ്രകാരം ശക്തിയെ ജനിപ്പിച്ചു പ്രവർത്തിപ്പിക്കുന്നതും ആ പ്രവാഹത്തിനു വിഘാതം ചെയ്യുന്നതും ആ ബാറററിയുടെ കമ്പികളെ യൊജിപ്പിക്കയും വിയൊജിപ്പിക്കയും ചെയ്യുന്നത എത്ര വെഗത്തിലാകാമൊ അത്രയും വെഗത്തിലാകാം. ഒരുയന്ത്രകൌശലത്താൽ ഈ യൊഗവിയൊഗങ്ങൾ എത്രയും വെഗത്തിൽ ചെയ്യിപ്പിക്കാൻ കഴിയുന്നതാകുന്നു. അപ്പൊൾ അത്രയും വെഗത്തിൽ നമുക്കു ഇലക്ടർ സിററിയെ പ്രവർത്തിപ്പിക്കയും നിറുത്തുകയും ചെയ്യാൻ കഴിയും ഇപ്രകാരം പ്രവൃത്തിപ്പിക്കാൻ കഴിയുന്നതായിരിക്കുന്ന ഇലക്ടർസിററിയെ കൊണ്ടു അതു പ്രവഹിക്കുന്ന വഴിയിൽ എവിടെ എങ്കിലും, നമുക്കു സ്പഷ്ടമായി ഗ്രഹിക്കാൻ കഴിയുന്നതായ ഒരു പ്രവൃത്തിയെ ജനിപ്പിക്കുന്നത സാദ്ധ്യമാകുന്നു. എങ്കിൽ ആ ബാററി ഇരിക്കുന്ന സ്ഥലത്തിനും കമ്പി ഏതെല്ലാം സ്ഥലത്തിൽ കൂടി പ്രവഹിക്കുന്നൊ അതിൽ ഏതിനെങ്കിലും തമ്മിൽ ക്ഷണത്തിൽ അന്യൊന്യം സംജ്ഞകൾ ചെയ്യാവുന്നതാകുന്നു. ഇത്രയും സാദ്ധ്യമായാൽ വർത്തമാനം അറിയിക്കെണ്ടതിനു ആ സംജ്ഞകളിൽ ചില സംകെതങ്ങൾ മാത്രം വച്ചുകൊണ്ടാൽ മതിയല്ലൊ. എപ്രകാരം എന്നാൽ ഇവിടെ ഇരുന്നുകൊണ്ടു നമുക്കു ഒരുക്ഷണത്തിൽ ആലപ്പുഴയൊ കൊല്ലത്തൊ ഒരുമണി അടിക്കാൻ കഴിയുന്നതായാൽ അവിടെക്കു ക്ഷണത്തിൽ ഒരു വർത്തമാനം അയക്കുന്നതിനു, ഒരുമണി അടിച്ചാൽ ഇന്നഅക്ഷരം, വെഗത്തിൽ രണ്ടടിച്ചാൽ ഇന്ന അക്ഷരം, ഒന്നടിച്ചു കുറെനിന്നിട്ടു പിന്നെ വെഗത്തിൽ രണ്ടടിച്ചാൽ ഇന്ന അക്ഷരം, വെഗത്തിൽ രണ്ടടിച്ചു കുറെ നിന്നിട്ടു പിന്നെ ഒന്നടിച്ചാൽ ഇന്നഅക്ഷരം, എന്നിപ്രകാരം ചില സംകെതങ്ങൾ ചെയ്താൽ മതിയല്ലൊ-

എന്നാൽ എങ്ങിനെ ആണ ആ ബാററി ഇരിക്കുന്ന

സ്ഥലത്തിൽനിന്നും കമ്പി പൊയിരിക്കുന്ന മറെറതെങ്കിലും ഒ
രുസ്ഥലത്തിൽ മണിഅടിപ്പിക്കയൊ അല്ലെങ്കിൽ മറെറതെ
ങ്കിലും സംജ്ഞകൾ ജനിപ്പിക്കയൊ ചെയ്യുന്നത എന്ന പ്രതി
പാദിക്കെണ്ടതാകുന്നു-

അനുഭവ പ്രമാണമായിട്ട ഇലക്കടർസിററിക്കു ഒരു അ
ത്ഭുതമായ ശക്തി ഉള്ളതു എന്തെന്നാൽ, അതകെവലം ശുദ്ധ
മായ ഇരുമ്പിനു അയസ്കാന്തത്തിന്റെ ഗുണങ്ങളെ ഒക്കെയും
ചെയ്യുന്നു- ഒരു അയൊദണ്ഡത്തെ എടുത്ത അതിന്റെ ചുറവും
ഇലക്കടർസിററിയെ പ്രവഹിപ്പിച്ചാൽ ആ അയൊദണ്ഡം അ
യസ്കാന്തമയമായിതീരുന്നു, ആ ഇലക്കടർ സിററിയെ എപ്പൊ
ൾ നിറുത്തുന്നൊ ആ ക്ഷണത്തിൽ ആ അയൊദണ്ഡം ത
ന്റെ പൂർവ്വാവസ്ഥയെപ്രാപിക്കുന്നു അയസ്കാന്തത്തിനു അ
തിന്റെ സമീപഗതമായ അയസ്സിനെ ആകർഷിക്കുന്നതിനു
ള്ള ശക്തിഉണ്ടെല്ലൊ അപ്പൊൾ ഏതെങ്കിലും ഒരുസ്ഥലത്തിൽ
ഒരു അയൊദണ്ഡത്തെ നമുക്കബൊധിച്ചതുപൊലെ അയ
സ്കാന്തമായും അയസ്കാന്തമല്ലാതെയും ആക്കാവുന്നതിനാൽ
അതിനെക്കൊണ്ട അതിന്റെ സമീപഗതമായ ഒരു ഇരുമ്പി
ന്റെ ഖണ്ഡത്തെ നമുക്ക ബൊധിച്ചതുപൊലെ ആകർഷി
പ്പിക്കയും ആകർഷണത്തെ ഇല്ലാതെആക്കുകയും ചെയ്യാവുന്ന
താകുന്നു. അപ്പൊൾ ഒരുമണി അടിപ്പിക്കയൊ അതിൽ കുറ
വായ ശബ്ദങ്ങളെ ഏതെങ്കിലും ചെയ്യിക്കയൊ ഒരുസൂചിയെ
അങ്ങൊട്ട ഇങ്ങൊട്ടും ചലിപ്പിക്കുകയൊ മറെറാ ചെയ്യുന്നതു
ലഘുവായി സാധിക്കാവുന്നതാകുന്നു.

ഇപ്പൊൾ സാധാരണമായി തങ്ങളിൽ വർത്തമാനങ്ങൾ
അറിയിക്കുന്നതിനു ഉപയൊഗിച്ചു വരുന്ന സംകെതത്തിനു
ള്ള ശബ്ദം "ടക്ക ടക്ക" എന്നൊരു ശബ്ദമാകുന്നു. ഇപ്പൊൾ
മണിഅടിക്കുന്നത വർത്തമാനം അറിയിക്കാൻ ഭാവിക്കുന്നു.എ
ന്നുള്ളതിനൊരു സംജ്ഞയായിട്ടാകുന്നു വർത്തമാനങ്ങൾ അ
യക്കുന്നതിൽ അനെക പ്രകാരങ്ങളായ സംകെതങ്ങളെ ചെ
യ്യാവുന്നതാകുന്നു. അതിന്റെ എല്ലാത്തിന്റെവഴിയും ഇപ്പൊ
ൾ പ്രതിപാദിച്ചിട്ടുള്ളതു പൊലെ തന്നെയാകുന്നു-

ഇപ്പൊൾ കമ്പിത്തപാൽ എന്നുവച്ചാൽ ഇലക്കടർ സി

ററിയെ ജനിപ്പിക്കുന്നതിനു ഒരു ഗാൽവാനിക്ക ബാററി
യും ആ ഇലക്ടർ സിററിയെ പ്രചരിപ്പിക്കുന്നതിനു ഓരൊ
സ്ഥലങ്ങളുടെ മദ്ധ്യെ കമ്പികളും എവിടെക്കാണൊ വൎത്തമാ
നം അയക്കുന്നു ആ സ്ഥലത്തുള്ളവനു ഇലക്ടർ സിററിയെ
പ്രത്യക്ഷമാക്കിചെയ്യത്തക്കതായി അവിടെ ഒരു യന്ത്രപ്പണി
യും കൂട്ടിട്ടുള്ള ഒരു സാധനമാകുന്നു എന്നു സിദ്ധമായല്ലൊ.
പ്രെഷയിതാവിനു ഗ്രഹിതാവിനൊടു എന്തെങ്കിലും വൎത്തമാ
നം അറിക്കെണ്ടതായിരിക്കുമ്പൊൾ ആ പ്രെഷയിതാവ ബാ
ററിയുടെ അഗ്രങ്ങളെ തപാൽ കമ്പിയൊടു ക്രമപ്രകാരം യൊ
ജിപ്പിക്കുന്നു. ഉടനെ ഗ്രഹിതാവ സങ്കെതിതകളായ സം
ജ്ഞകളെ അറിഞ്ഞു ആ സന്ദെശത്തെ ശരിയായി എഴുതി എ
ടുത്തുകൊള്ളുന്നു.

ഇപ്രകാരം തന്നെ മറെറാരു ദിക്കിൽ നിന്നും ഒരു വൎത്ത
മാനം ഇങ്ങൊട്ടു അയക്കെണ്ടതായിരുന്നാൽ അതുപൊലെ യു
ള്ള സാധനസാമഗ്രികൾ ഒക്കെയും വെണ്ടതാകുന്നു. പക്ഷെ
തപാൽ കമ്പികൾ മാത്രം രണ്ടിനും ഒന്നായിരുന്നാൽ മതി.

ൟ അത്യത്ഭുതമായതപാൽകമ്പിഇപ്പൊൾഭൂമിയിൽ പ്രാ
യെണ സകല ഭാഗങ്ങളെയും അന്യൊന്യം യൊജിപ്പിച്ചിരി
രിക്കുന്നു ചില ദിക്കുകളിൽ ൟ കമ്പി അസംഖ്യയൊജന ദൂരം
സമുദ്രത്തിന്റെ ഉള്ളിൽകൂടി പൊയിരിക്കുന്നു. ഇങ്ങനെ സമു
ദ്രത്തിന്റെ ഉള്ളിൽ കിടക്കുമ്പൊൾ അവയ്ക്കു അററകുററം വരാ
തെ വെണ്ടുംപ്രകാരം ഉള്ള കരുതലുകൾ ഒക്കെയും ചെയ്തിട്ടു
ണ്ടു. ഇപ്പൊൾ ഭൂമിയിൽ നാം ഇരിക്കുന്നതിന്റെ അധൊഭാ
ഗമായ അമെരിക്കാ ദെശവുമായി നമുക്കു അത്യല്പ കാലംകൊ
ണ്ടു വൎത്തമാനങ്ങൾ അന്യൊന്യം അറിയിപ്പാൻ കഴിയുന്ന
താകുന്നു.

കമ്പിതപാലിന്റെ ഉപയൊഗങ്ങളെ പരിഗണിക്കുന്ന
തു പ്രയാസം തന്നെ ഇതു പരിഷ്കാരത്തിനു മുഖ്യമായ ഒരു വ
ഴിയാകുന്നു. എന്തെന്നാൽ ഇതുകൊണ്ടു നമുക്കു സകല ദെശ
ത്തെയും വൎത്തമാനം ഉടനടൻ അറിയാൻ കഴിയുന്നെല്ലൊ.
സാധാരണമായി ജനസമുദായത്തിനു ഇതുകൊണ്ടുള്ള ഉപ
യൊഗം അഗണ്യമാകുന്നു, കച്ചവടത്തിനു ഇതുകൊണ്ടു വളു

ഗുണങ്ങൾ ഉണ്ടായിട്ടുണ്ട. രാജ്യകാൎയ്യങ്ങൾക്ക വളരെ സൌകൎയ്യങ്ങൾ സംഭവിച്ചിട്ടുണ്ട.

എത്രയും ജനോപകാരത്തിന കാരണഭൂതമായുള്ള ആവി വണ്ടിക്കും ഈ കമ്പിതപാലിന്റെ സഹായം അവശ്യം അപെക്ഷിതമാകുന്നു. അതില്ലാതെ ഇരുന്നാൽ ആവി വണ്ടികൾ നിമിത്തമായി അനെകം അനൎത്ഥങ്ങൾ വന്നു കൂടിയെക്കും. അതുകൊണ്ട ഇപ്പൊൾ ആവിവണ്ടി നടപ്പായിട്ട ദിക്കുകളിൽ ഒക്കെയും അതിന്ന പ്രത്യെകമായി ഒരു കമ്പിതപാലും ഉണ്ട. അതിൽ ആവി വണ്ടി യിടപെട്ട വൎത്തമാനങ്ങളെ മാത്രമെ അന്യൊന്യം അറിയിക്കാറൊള്ളു.

ഇപ്പൊഴും ഓരൊ സ്ഥലങ്ങളിൽ കമ്പിതപാൽ ഇട്ടുവരുന്നുണ്ട. ഇനികുറെ സംവത്സരം കഴിയുമ്പൊൾ ഈ ഭൂമിയിൽ സകല ഭാഗങ്ങളിലും വ്യാപിച്ച എത്രയൊ ദൂരസ്ഥിതങ്ങളായ ഓരൊരൊ ദെശങ്ങളെ അന്യൊന്യം യൊജിപ്പിച്ച സകല ജനങ്ങൾക്കും പരസ്പരം സ്നെഹബന്ധത്തെ സ്ഥിരീകരിച്ചു ജ്ഞാനാഭിവൃദ്ധിക്കും പരിഷ്കാരത്തിന്നും പ്രബലമായ ഹെതുവായി ഭവിക്കുന്നതാകുന്നു.

---

## ഒരു ചെറിയ നാടകം.

### പ്രസ്താവന.

ഏകദെശം ൧൦൦൦ സംവത്സരത്തിനു മുമ്പെ ഇംഗ്ലാണ്ടുരാജ്യത്തു ആൽഫ്രെഡ എന്നു നാമധെയത്തൊടു കൂടി ഒരു രാജാവ ഉണ്ടായിരുന്നു. ആ രാജാവ, രാജ്യപരിപാലനം ചെയ്തുകൊണ്ടുവരുമ്പൊൾ, ആ രാജ്യത്തിന്റെ അയൽ രാജ്യനിവാസികളായി മഹാദുഷ്ടന്മാരായി ക്രൂരന്മാരായുള്ള ഡെയിൻസ എന്നുള്ള ആളുകൾ അദ്ദെഹത്തിനൊടു യുദ്ധത്തിന്നായി പുറപ്പെട്ടു യുദ്ധംചെയ്തു യുദ്ധത്തിൽ പരാജിതനായി ശത്രുക്കളെ ഭയപ്പെട്ടു വലുതായിരിക്കുന്ന കാട്ടിൽ പ്രവെശിച്ച സഞ്ചരിച്ചുംകൊണ്ടിരിക്കുമ്പൊൾ ഒരു ദിവസം ക്ഷുൾപിപാസാ പീഡിതനായിട്ടു യദൃച്ഛയാ ഒരു കുടിയാനവന്റെ ഭവനത്തിൽ ചെല്ലുന്ന

ണ്ടിരിക്കുമ്പോൾ ഒരുദിവസം ക്ഷുൽപിപാസാ പീഡിതനായിട്ടു യദൃഛയാ ഒരുകുടിയാനവന്റെ ഭവനത്തിൽ ചെല്ലുന്നതിന്നു സംഗതിവരികയും, ആ സമയം ആ വീട്ടിന്റെ ഉടമക്കാരിയായ സ്ത്രീ അടുപ്പത്തു അപ്പം ചുട്ടും കൊണ്ടിരിക്കുന്ന മദ്ധ്യെ അവൾ എതൊ മറെറാരു വെല ചെയ്യാനായി പൊകെണ്ടിവന്നനിമിത്തം അപ്പം കരിഞ്ഞുപൊകാതെ സൂക്ഷിക്കുന്നതിന്നു രാജാവിനെ എല്പിച്ചും വച്ചുപൊകയും രാജാവതന്റെ രാജ്യത്തിന്റെയും പ്രജകളുടെയും കഷ്ട സ്ഥിതിയെ ഓൎത്തവ്യസനാക്രാന്തനായി അടുപ്പത്തു അപ്പം കിടപ്പുള്ളതിന്റെ സ്മരണംകൂടാതെ ഇരുന്നുപൊക കൊണ്ടു അപ്പം കരിഞ്ഞു പൊകയും, അതിൽ വച്ചു ആ സ്ത്രീ രാജാവിനെ വളരെ ശാസിപ്പാൻ ഇടവരികയും ചെയ്തതായി ഇംഗ്ലണ്ടു ചരിത്രത്തിൽ കാണ്മാനുണ്ടു.

താഴെ എഴുതുന്ന ചെറിയ നാടകം ഈ വിഷയത്തൊസംബന്ധിച്ചിട്ടുള്ളതാകുന്നു.

നാടകത്തിലെനടന്മാർ

ആൽഫ്രെഡ- ഇംഗ്ലണ്ടിലെരാജാവു.

എല്ലാ- ആൽഫ്രെഡിന്റെഉദ്യൊഗസ്ഥൻ

ഗുബ്ബാ- ഒരുകുടിയാനവൻ.

ഗാണ്ഡലിൻ- അവന്റെ ഭാൎയ്യാ.

രംഗം- അതെൽനെ എന്ന ദ്വീപം

ആൽഫ്രെഡ- ഈ ചെറിയ ദെശം എത്രയും വിജനവും ഇവിടെ ഒക്കെയും എത്ര ശാന്തിയും ആയിരിക്കുന്നു. ഈ പ്രദെശത്തെ ചുററി ഒരുനദി സാവധാനമായി പ്രവഹിക്കുന്നു ശത്രുബാധ വരാതെയിരിപ്പാൻ തക്ക വിധത്തിൽ വൃക്ഷങ്ങളുടെ ശാഖകൾ ഈ സ്ഥലത്തെ നിബിഡമായിമറയ്ക്കുന്നു. ദുഷ്ടന്മാരായ ഡെൻകാര ഈ വനപ്രദെശത്തെ ഇതുവരെ കണ്ടിട്ടില്ലാഎന്നു തൊന്നുന്നു. അവരിൽനിന്ന ഞാൻ രക്ഷപ്പെട്ടുവെന്നു വിശ്വസിക്കുന്നു. ഇവിടെ എതെങ്കിലും ചില കുടിയാനവന്മാരെ കാണ്മാൻ സംഗതിവന്നില്ലെങ്കിൽ ക്ഷുത്തുകൊണ്ടു മരിക്കെ ഒള്ളു. ഹാ! ഈ മരങ്ങളുടെ ഇടയിൽ കൂടി ചെറുതായി ഒരു വഴിത്താര കാണുന്നു ഒരു കുടിലിൽ നിന്നും

പുറപ്പെടുന്ന പുകയും കുറെ അകലെ കാണുന്നു- അവിടെക്കു പുറപ്പെടുകന്നെ-

രംഗം- കുടിലിന്റെ പുരൊഭാഗം.

ഗുബ്ബാ മുമ്പൊട്ടു വരുന്നു. ഗാണ്ഡലിൻ അകത്തിരിക്കുന്നു.

ആൽഫ്രെഡ. അല്ലയൊ ഗുണവാനെ അങ്ങെക്കു വന്ദനം വളരെ പരവശനായിരിക്കുന്ന ഒരു പാന്ഥന്നു വല്ലതും കൊടുക്കുമൊ

ഗുബ്ബാ. ഈ രാജ്യത്തിലെ വഴിപൊക്കരു കുറെ അധികം തന്നെ അവൎക്കു എല്ലാപെൎക്കും വല്ലതും കൊടുക്ക എന്നുവച്ചാൽ ഒടുക്കം ഞങ്ങൾക്കു ഉള്ളതുഒക്കെയും നാസ്തിയായി പൊകുമെല്ലൊ എംകിലും നമ്മുടെ ഭാൎയ്യയുടെ അടുക്കലെക്കു വരികതന്നെ. തനിക്കുവല്ലതും ഉണ്ടാകുമൊഎന്നു നൊക്കട്ടെ,നൊക്ക എടി, ഞാൻഇതുവരയും മരം മുറിച്ചുകൊണ്ടിരുന്നതുകൊണ്ടു എനിക്കുവളരെ ക്ഷീണമായിരിക്കുന്നു.

ഗാണ്ഡലിൻ. എല്ലായ്പൊഴും താൻ സാപ്പാട്ടിന്നു ഒരുങ്ങിതന്നെ ഇരിക്കുന്നു. എന്നാൽ ഇപ്പൊൾ കാലമായിട്ടില്ല അടുപ്പത്തു കിടക്കുന്നഅപ്പം വെകുന്നതിന്നു ഇനിയും ഒരു മണിക്കൂറു നെരം വെണ്ടിവരും, നെരവും അത്രെ ആയൊള്ളുവല്ലൊ, നിഴൽ ഇനിയും കളപ്പുരയുടെ അങ്ങെവശത്തായില്ലല്ലൊ- അങ്ങെക്കൂടെ വരുന്ന ആളു ആരാ-

ആൽഫ്രെഡ- ഞാനൊരു വഴിപൊക്കനാണെ. എനിക്കു വല്ലതും ഭക്ഷണവും ഒരുസ്ഥലവും കിട്ടിയാൽ കൊള്ളാം.

ഗാൻ. ആഹാ. വഴിപൊക്കനാണെ, അല്ലെ, എനിക്കു വഴിപൊക്കരെ കുറിച്ചു അത്ര സ്നെഹംഇല്ലാ, ഈ ദെശത്തുള്ള വരെ സ്നെഹിക്കുന്നതിന്നും ഇടയില്ലാ. ഓരൊവഴിപൊക്കര ഇംഗ്ലാണ്ടിൽ വന്നുകൂടിയതിൽ പിന്നെ ഇംഗ്ലാണ്ടിന്നു ഒരിക്കലും ക്ഷെമം ഉണ്ടായിട്ടില്ല-

ആൽഫ്രെഡ. ഞാൻ ഈ വീട്ടിൽ ഒരു വഴിപൊക്കൻഎന്നല്ലാതെ ഇംഗ്ലാണ്ടിൽ ഞാൻ വഴിപൊക്കനായട്ടുളളവനല്ലാ- ഞാൻ ഇംഗ്ലാണ്ടിൽ ജനിച്ചിട്ടുള്ള ഒരു ഇംഗ്ലീഷകാരനാകുന്നു:

ഗുബ്ബാ. ആഹാ എന്നാൽ നമ്മുടെ വീടുകളെ ഒക്കെയും തീവയ്ക്കുകയും കന്നുകാലികളെ ഒക്കെയും ഓടിക്കയും ചെയ്യു

ന്നവരായി പരമദുഷ്ടന്മാരായ ഡെയിൻകാരെ താൻ ദ്വെഷിക്കുന്നില്ലയൊ?

ആൽഫ്രെഡ. ഉണ്ടു

ഗാൻ. തനിക്ക അവരൊടു നല്ലവണ്ണം ദ്വെഷം ഉണ്ടൊ? കെട്ടൊ ഹെ ഇങ്ങെതു പറയുന്നതു അത്രനെരമ്പ എനിക്ക തൊന്നുന്നില്ലാ:

ആൽഫ്രെഡ. എനിക്ക അവരൊടു പരമദ്വെഷം തൊന്നുന്നുണ്ടു അതികഠിനമായദ്വെഷം തൊന്നുന്നുണ്ടു.

ഗുബ്ബാ. എന്നാൽ താൻ കൈക്കുടിക്ക. താൻ നല്ല നെരുകാരൻതന്നെ.

ആൽഫ്രെഡ, ഒടുക്കത്തെ യുദ്ധത്തിൽ ഞാൻ ആൽഫ്രെഡ രാജാവിന്റെ കൂടി ഉണ്ടായിരുന്നു.

ഗാൻ. നമ്മുടെ പൊന്നുതമ്പുരാന്റെ കൂടയൊ? ആ മഹാരാജാവിനു ഈശ്വരാനുഗ്രഹം ഉണ്ടാകട്ടെ.

ഗുബ്ബാ. നമ്മുടെ രക്ഷിതാവായ തമ്പുരാനു എന്തുസംഭവിച്ചു?

ആൽഫ്രെഡ. അപ്പൊൾ തനിക്ക ആതമ്പുരാനെക്കുറിച്ചു സ്നെഹം ഉണ്ടൊ?

ഗുബ്ബാ. ഉപ്പു ദരിദ്രനായിരിക്കുന്ന ഒരുത്തനു തമ്പുരാനൊടു എത്ര സ്നെഹിക്കാൻ കഴിയുമൊ അത്രയും ഞാൻ അവിടുത്തെ സ്നെഹിക്കുന്നു. ചെന്നായകളെപ്പൊലെ ദുഷ്ടന്മാരായ ഡെയിൻകാരെ തമ്പുരാൻ ജയിക്കുന്നതിനുവെണ്ടി ഞാൻ ദിവസംതൊറും രാത്രിയിൽ ഈശ്വരനൊടു പ്രാൎത്ഥിച്ചു വരുന്നുഎങ്കിലും അതു അങ്ങനെ ആയില്ലാ

ആൽഫ്രെഡ. ഞാൻ ആൽഫ്രെഡിനെ സ്നെഹിച്ചതിലധികം തനിക്ക സ്നെഹിപ്പാൻ പാടില്ലാ.

ഗുബ്ബാ- ആട്ടെ അവിടുത്തെക്കു എന്തു സംഭവിച്ചു?

ആൽഫ്രെഡ. അദ്ദെഹം മരിച്ചു പൊയെന്നുതന്നെ തൊന്നുന്നു-

ഗുബ്ബ. കഷ്ടം! ഇതു അനൎത്ഥകാലം തന്നെ. ഈശ്വരൻ നമ്മെ രക്ഷിക്കട്ടെ. വരിക. ഈ കറുത്ത അപ്പം ഞങ്ങളൊടു കൂടി തനിക്ക തിന്മാൻ ഇടയാകയെല്ലൊ, തന്റെ വിശപ്പിന്റെ

ആധിക്യംകൊണ്ടു അപ്പം തനിക്കുനന്നെന്നുതന്നെ തൊന്നു മായിരിക്കും.

ഗാൻ. അല്ലയൊ വന്നാട്ടെ താൻ വന്നതു ഞങ്ങൾക്കു ഒരുരാജാവു വന്നതുപൊലെ തൊന്നുന്നു. (ഗ്രബ്ബായൊടു) ഇ ങ്ങെക്കു വല്ലതും കൊടുത്താൽ കൊള്ളാമെന്നു എനിക്കുതൊന്നു ന്നു, അല്ലെങ്കിൽ പാപം ഉണ്ടെല്ലൊ- എങ്കിലും ഇയാൾതടി ച്ചു നല്ല മട്ടനായിരിക്കെ വെണ്ടുന്നതിനെ ദെഹണ്ണിച്ചു ഉപ ജീവനം കഴിക്കാതെ ഇരിക്കുന്നത എന്ത എന്നുള്ളതിനു സം ഗതികാണുന്നില്ലാ.

ഗ്രബ്ബാ. അതു ഉള്ളതു തന്നെ സ്നെഹിതാ, തനിക്കു എ ന്തെല്ലാം പ്രവൃത്തികൾ ചെയ്വാൻ കഴിയും.

ആൽഫ്രെഡ തനിക്കു സഹായമായി ഏതുവെലകൾഎ ന്നൊടു ചെയ്വാൻ പറയുന്നുവൊ അവകൾക്കെയും എനിക്കുചെ യ്വാൻ കഴിയുന്നതാകുന്നു. വെലചെയ്തു ഭക്ഷണത്തിനു വല്ല തും ഉണ്ടാക്കി പിന്നീടുഭക്ഷണം കഴിക്കുക തന്നെ ആണ എ നിക്കു സന്തൊഷമുള്ളതു

ഗ്രബ്ബാ, ആഹാ എന്നാൽ നൊക്കട്ടെ. തനിക്കു വിറകു നല്ലതിനമണ്ണം കെട്ടാമൊ?

ആൽഫ്രെഡ. ഞാൻ അതിൽ പരിചയിച്ചിട്ടില്ലാ. അതു ഞാൻ ചെയ്താൽ അത്ര ഭംഗി ആകയില്ലെന്നു തൊന്നുന്നു.

ഗ്രബ്ബാ. തനിക്കു പുരമെയാൻ കഴിയുമൊ? തൊഴുത്തി ന്റെ മെച്ചിൽ ഏതാനും കാററുകൊണ്ടു പാറന്നു പൊയിരി ക്കുന്നു.

ആൽഫ്രെഡ. അയ്യൊ അതു എനിക്കു അറിഞ്ഞുകൂടാ.

ഗാൻ. അയാൾക്കു കുട്ട മിടയാൻ അറിയാമൊ എന്നു ചൊദിക്കണെ. നമുക്കു കുറെ പുതിയ കുട്ടക്കുആവശ്യം ഉണ്ടു.

ആൽഫ്രെഡ. ഒരിക്കലും ഞാൻ കുട്ട മിടയാൻ നൊ ക്കീട്ടില്ല.

ഗ്രബ്ബാ. തനിക്കു തുറണ്ടുപാൻ കഴിയുമൊ?

ആൽഫ്രെഡ. ഇല്ല.

ഗ്രബ്ബാ. കൊള്ളാം, ഇവനു യാതൊന്നും അറിഞ്ഞു കൂടെ ല്ലൊ. ആട്ടെ എടിനിന്നെക്കു ഇയാളെക്കൊണ്ടു വീട്ടിൽ വല്ലതും

വേല എടുപ്പിക്കാൻ ഉണ്ടോ? ഇവൻ അടുപ്പിൽ തീ എരിക്കുകയോ മേശ തുടക്കുകയോ മറേറാ ചെയ്യുമായിരിക്കും.

ഗാൻ. എന്നാൽ അയാൾ അടുപ്പത്തുള്ള ൟ അപ്പം സൂക്ഷിക്കട്ടെ. എനിക്ക പശുക്കളെ കറക്കുവാൻ പോകണം.

ഗുബ്ബാ ഇതുവരെ അത്താഴം കാച്ചമായില്ലല്ലൊ ഞാൻ വിറക കെട്ടിവെക്കാൻ പോകുന്നു.

ഗാൻ. അല്ലയൊ സ്നേഹിതാ അപ്പം കരിഞ്ഞുപോകാതെ അവയെ കൂടക്കൂടെ മറിച്ചിട്ട നല്ലതിന്മണ്ണം നൊക്കി കൊള്ളണമെ

ആൽപ്രെഡ. അങ്ങനെതന്നെ.

ആൽപ്രെഡ തനിച്ച.

ആൽപ്രെഡ എന്റെ കഷ്ടതകളെ ഞാൻ സഹിക്കാം ശത്രുഭടന്മാരാൽ ആക്രാന്തമായ എന്റെ രാജ്യത്തിന്റെ കഷ്ടാവസ്ഥയെ ഞാൻ എങ്ങനെ സഹിക്കും. ഹംബർ മുതൽ തംസുവരെയുള്ള നദികളിലെ വെള്ളം രക്തധാരകൊണ്ട കലുഷമായി തീൎന്നിരിക്കുന്നു. എന്റെ ബലവാന്മാരായുള്ള ഭടന്മാരൊക്കെയും നിഗ്രഹിക്കപ്പെട്ടിരിക്കുന്നു. സാധുക്കളായ നമ്മുടെ പ്രജകളിൽ ഏതാനും പേരെ കൊല്ലുകയും മറെറുള്ളവരുടെ വസ്ത്രങ്ങളെ പിടിച്ചു പറിച്ചു നഗ്നന്മാരാക്കി ശകാരിച്ച അവമാനിച്ച അവരുടെ ഭവനങ്ങളിൽ നിന്നു ഓടിക്കയും ചെയ്തിരിക്കുന്നു അവരുടെ രാജാവായിട്ട ൟശ്വരനാൽ നിശ്ചയിക്കപ്പെട്ടവനായ എനിക്കും അതിക്രൂരന്മാരായുള്ള ൟ ശത്രുക്കളിൽനിന്നു അഗതികളായിരിക്കുന്ന ജനങ്ങളെ രക്ഷിക്കാൻ ത്രാണിഇല്ലാതെയും ആയിതീൎന്നു പോയല്ലൊ. ഹാ കഷ്ടം! സൎവ്വശക്തനായിരിക്കുന്ന ൟശ്വരാ, ൟ രാജ്യത്തെ ഭയംകരന്മാരായ ഡെൻകാരിൽ നിന്നു രക്ഷിക്കാൻ ഞാൻ ശക്തനല്ലെങ്കിൽ ഇവരെ യുദ്ധംചെയ്തു തോല്പിക്കാൻ തക്കവണ്ണമുള്ള ശൂരന്മാരെ ഉണ്ടാക്കി അതിന്മണ്ണം ചെയ്യിക്കണമെ, ഞാൻ ൟ ദാസ്യവൃത്തിയാൽ ൟ കുടിലിൽ കിടന്നു കാലം കഴിച്ചു കൂട്ടികൊള്ളാം. ഇംഗ്ലാണ്ടിനു സൌഖ്യമായാൽ എനിക്ക തൃപ്തി ആയി; ഒ! അതാ നമ്മുടെ ഗൃഹപതികൾ വരുന്നു-

ഗുബ്ബായും ഗാൻഡിലിനും പ്രവെശിക്കുന്നു.

ഗാൻ അല്ലയൊ ആങ്ങ ൟ പാൽക്കലം പിടിച്ചിറക്കണെന. ൟ പുതിയ പാലു അപ്പത്തൊടുകൂട്ടി ഭക്ഷിച്ചാൽ അത്താഴം വളരെ നന്നായിരിക്കും. അല്ല! ഇത എങ്ങനെ ആന്നെ! കരിഞ്ഞുപൊയത? ഇതു കരിക്കട്ടപൊലെ കറുത്തുപൊയല്ലൊ? ഒരിക്കൽ പൊലും മറിച്ചിട്ടില്ലല്ലൊ. എടാ ശപ്പാ. എടാ തടിമാടാ. എടാ മടയാ,

ആൽപ്രെഡ അയ്യൊ അത ഉള്ളതതന്നെ, എന്റെ മനസ്സിൽ ഒരൊ ദുഃഖവിചാരങ്ങൾ ഉണ്ടായിരുന്നതു കൊണ്ടു ൟ കാൎയ്യത്തിൽ എന്റെ ബുദ്ധി പ്രവെശിക്കാൻ ഇടവരാഞ്ഞതിൽ വച്ചു ഞാൻ വളരെ വ്യസനിക്കുന്നു.

ഗബ്ബാ. എടീ ഇങ്ങെപൊരെ അയാളുടെ തെററിനെ നീ ക്ഷമിക്കണം. പക്ഷെ ആയാൾക്കു കാമപാരവശ്യമായിരിക്കാം എനിക്കു നിന്നൊടു വളരെ താല്പൎയ്യമായിരുന്നപ്പൊൾ ഉള്ള അവസ്ഥ എനിക്കു ഓൎമ്മ ഉണ്ടു.

ഗാൻ അതിപ്പൊൾ അങ്ങെക്കു ഓൎമ്മയുണ്ടൊ? ആഹാ

ഗബ്ബാ ഉവ്വ- വളരെക്കാലമായി പ്പൊയി എങ്കിലും എനക്കു ഇപ്പൊൾ ഓൎമ്മ ഉണ്ടു എന്റെ അമ്മ ഒരുദിവസം പാൽചൊറുണ്ടാക്കി കൊണ്ടിരിക്കുമ്പൊൾ-

ഗാൻ. മതി മതി- മിണ്ടാതിരുന്നാട്ടെ, നമുക്കു അത്താഴം കഴിക്കാം

ആൽപ്രെഡ, ൟ മധുരമായിരിക്കുന്ന പുതിയ പാലും ൟ അപ്പവും എത്ര വിശെഷമായിരിക്കുന്നു.

ഗബ്ബാ. സ്നെഹിതാ വെണ്ടുവൊളം ഭക്ഷിക്കു, നൊക്കെട്ടി ഇയാളെ നാം എവിടെയാണ കിടത്തെണ്ടത?

ഗാൻ. നമുക്കു ഒരു മെത്തയെ ഉള്ളുവെന്നു അങ്ങെക്കു അറിയാമെല്ലൊ എന്നാൽ കളപ്പുരയിൽ പുതിയ വയ്ക്കൊൽകിടപ്പുണ്ടല്ലൊ.

ആൽപ്രെഡ (ആത്മഗതം) എനിക്കു ഒരുരാജാവിനെപ്പൊലെ കിടപ്പാൻ ഇടയായില്ലെങ്കിലും ഇങ്ങെ ആററം ഒരു ഭടനെപ്പൊലെ എങ്കിലും കിടക്കണം. ഹാ കഷ്ടം! സാധുക്കളായ നമ്മുടെ ഭടന്മാരിൽ എത്രപെര വെറും നിലത്തുതന്നെ കിടക്കുന്നു?

ഗാൻ- എന്താണ ഒരു ശബ്ദം കെൾക്കുന്നത? അതു കുതിരകളുടെ കുളമ്പിന്റെ ഒച്ചയാകുന്നു അല്ലയൊ? അങ്ങു ചെന്നു അതുഎന്താണെന്ന നൊക്കണെ.

അൽഫ്രെഡ. എന്റെ ഭാഗ്യഹീനതനിമിത്തം ൟ സാധുക്കളുടെ കുഡുംബത്തിന്നും ആപത്തു സംഭവിച്ചെക്കുമൊ? എങ്കിൽ ഞാൻ ൟ കാട്ടിൽ കിടന്നുമരിക്കതന്നെ ആയിരുന്നു നന്നായിരുന്നതു.

ഗുബ്ബാ തിരിച്ചുവരുന്നു പിന്നാലെ വാളും ഊരി പിടിച്ചുംകൊണ്ടുഎല്ലാ എന്ന ആളും വരുന്നു.

ഗാൻ. ഓ! അതാ ഒരു വാളു! അയ്യൊ ൟശ്വരാ ഞങ്ങളെ രക്ഷിക്കണെമെ.

ഗുബ്ബാ- ഡയിൻകാരെ ഡയിൻകാരെ അയ്യൊ ഞങ്ങളെകൊല്ലരുതെ.

എല്ലാ (നമസ്കരിച്ചുകൊണ്ടു) എന്റെ സ്വാമി, എന്റെ രക്ഷിതാവെ എന്റെ മഹാരാജാവെ തിരുമനസ്സാലെ കാണ്മാൻ എനിക്കു ഭാഗ്യം ഉണ്ടായല്ലൊ.

അൽഫ്രെഡ (അയാളെ കെട്ടിപ്പുണൎന്നുംകൊണ്ടു) ഹാ! എന്റെ ധൈൎയ്യവാനായ എല്ലായെ,

എല്ലാ. അല്ലയൊ മഹാരാജാവെ അങ്ങെ അടുക്കൽ വളരെ നല്ലവൎത്തമാനങ്ങൾ ഉണൎത്തിപ്പാനുണ്ടു എന്തെന്നാൽ കിൻ പിത്ത കൊട്ടയിൽ ഇട്ടു അടയ്ക്കപ്പെട്ട അങ്ങെ സൈന്യങ്ങൾ ഏതുപ്രകാരെണയൊ വെളിയിൽ ചാടി അവിടെ ഉണ്ടായിരുന്ന ഡെൻകാരെ അശെഷം നിഗ്രഹിച്ചു എന്നു തന്നെയുമല്ലാ, ഭയങ്കരനായ ഗുബ്ബാ അതാ അവിടെ യുദ്ധകളത്തിൽ ശ്വാസം വലിച്ചു കൊണ്ടു കിടക്കുന്നു-

അൽഫ്രെഡ- അതുസംഭവിക്കുന്നതാണൊ! നാം ഇനിയും രാജാവായിതീരുമൊ!

എല്ലാ. അവരുടെ ബലം ഒക്കെ പൊയ്പൊയി. അവരുടെസൈന്യങ്ങളും ഭയപ്പെട്ടു ഓടിപ്പൊയി. ഇംഗ്ലീഷു സൈന്യങ്ങൾ അൽഫ്രെഡ അൽഫ്രെഡ എന്നുവിളിച്ചു തുടങ്ങിയിരിക്കുന്നു. ഇതാഒരുഎഴുത്തു ഇതിൽ നൊക്കിയാൽ വിവരം ഒക്കെയുംമനസ്സിലാകും. (എഴുത്തു കൊടുത്തു)

ഗുബ്ബാ. (അപ്പൊഴ്) നമുക്ക എന്തുവരാൻ പൊകുന്നു വൊ അറിഞ്ഞുകൂടാ, ഹാ കഷ്ടം എടിനിന്റെ നാക്കുതന്നെയാണ നമുക്ക ആപത്തായി തീൎന്നത.

ഗാൻ- അയ്യൊ, എന്റെനാഥാ- നമ്മെ ഇപ്പൊൾ തൂക്കിലിടും സംശയംഇല്ലാ. അത്തു ഒരു തമ്പുരാനാണെന്നു ആൎക്കഎങ്ങനെഅറിയാൻകഴിയും?

ഗുബ്ബാ- എടിനുദ്ദെഹത്തിനു ഒരുവെലയും അറിഞ്ഞുകൂടാ എന്നു കണ്ടപ്പൊൾ തന്നെഇദ്ദെഹം ഒരു രാജാവൊ പിന്നെഒരുവലിയ ആളൊ മറെറാ ആണെന്നു നമുക്ക ഊഹിക്കാമായിരുന്നു.

ആൽഫ്രെഡ. (മുമ്പൊട്ടുവന്നു) ഠരം ശ്രെയസ്സുകൾക്കായിക്കൊണ്ടു ഠരം ശുഭലക്ഷണം ഇനിനമ്മുടെ ഉദ്ദെശ്യംസാധിക്കാമെന്നും ഒരുമൊഹം തൊന്നുന്നു, ഞാൻഇനിയും ആയുധപാണിയായി നടക്കുവാനും നമ്മുടെ ധൈൎയ്യവാന്മാരായസൈന്യങ്ങളുടെ നായകനായിട്ടു ഭവിച്ചു യുദ്ധം ചെയ്യാനും അവരെ ജയം പ്രാപിപ്പിപ്പാനും നമ്മുടെ സ്നെഹിതന്മാരെ വീണ്ടും നിൎഭയന്മാരായി കാണ്മാനും സംഗതിവരുമൊ?

എല്ലാ. ഉവ്വ തിരുമനസ്സുകൊണ്ടു ഞങ്ങളുടെ പ്രമാണിയായി തീരെണമെന്നു ബഹുനാളായി ഇച്ശിച്ചും കൊണ്ടിരിക്കുന്നവരായി കാടുകളിലും ഗുഹകളിലുംകുടികളിലും പ്രവെശിച്ചും സഞ്ചരിക്കുന്നവരായ സ്നെഹിതന്മാർ തിരുമനസ്സിലെക്കു വളരെപെരുണ്ടു. തിരുമനസ്സു കൊണ്ടു ജീവിച്ചിരിക്കുന്നു എന്നും ഇനിയും യുദ്ധംചെയ്യാൻ ഭാവിക്കുന്നു എന്നും ഉള്ള വൎത്തമാനംഅവർ കെൾക്കുമ്പൊൾ തന്നെ അവര എല്ലാവരും ഓടി തിരുമുമ്പാകെ വരുന്നതാകുന്നു.

ആൽഫ്രെഡ. എനിക്കു അവരെ കാണ്മാൻ വൈകുന്നു

ഗുബ്ബായും ഗാൻഡലിനും (ആൽഫ്രെഡിന്റെ കാക്കൽ വീണുകൊണ്ടു) അയ്യൊ മഹാരാജാവെ.

ഗാൻ. തിരുമനസ്സുകൊണ്ടു ഞങ്ങളെ കൃപയൊടു കൂടിവധിക്കെണമെ തിരുമനസ്സുകൊണ്ടു മഹാരാജാവെന്നു ഞങ്ങൾഅറിഞ്ഞില്ലല്ലൊ.

ഗുബ്ബാ- തിരുമനസ്സുകൊണ്ടു അടിയന്റെ കെട്ടിയവളു

ടെ വാക്പാരുഷ്യത്തെ ക്ഷമിക്കണെ അവൾ മറവുയാതൊരു
അപരാധവും കരുതീട്ടില്ലെ

ആൽപ്രെഡ- സാധുക്കളായുള്ളവരെ എന്താണ ഞാൻ
ക്ഷമിക്കാനുള്ളത? നിങ്ങൾ എനിക്ക വലിയ ഉപകാര മല്ല
യൊ ചെയ്യുത. ഞാൻ നിങ്ങൾക്ക വന്ദനം ചെയ്യുന്നു എന്റെ
ആപൽകാലത്തിൽ നിങ്ങൾ എന്നെ രക്ഷിച്ചുവെല്ലൊ. ഇം
ഗ്ലാണ്ടിലെ സിംഹാസനത്തിൽ ഇനിയും എനിക്ക കയറിയി
രിപ്പാൻ സംഗതിവന്നു എങ്കിൽ എന്റെ ഒന്നാമത്തെ വിചാ
രം നിങ്ങൾ ചെയ്യിട്ടുള്ള സല്ക്കാരത്തിന്റെ പ്രത്യുപകാരം ചെ
യ്യുന്നതിനെ കുറിച്ചായിരിക്കും. നിങ്ങളെ രക്ഷിക്കാനായിട്ട
ഞാൻ പൊകുന്നു. എന്റെ വിശ്വസ്തനായ എല്ലാ, നമുക്ക യു
ദ്ധത്തിനായിക്കൊണ്ട പുറപ്പെടുക, പുറപ്പെടുക, ഒരിക്കൽ കൂടി
ഡെയിൻകാരെ കാണ്മാനും അവരൊട എതൃക്കാനും സംഗതി വ
രുന്നത വിചാരിച്ച എന്റെ ഹൃദയം ജ്വലിക്കുന്നു. ഇങ്ങനെ
യുള്ള യൊഗ്യമായ അവസരത്തിൽ വച്ച നമ്മുടെ പ്രാണഹാ
നിവരുന്നതു വരെയൊ അല്ലെങ്കിൽ ഇംഗ്ലാണ്ടിൽ ഇനിഒരിക്ക
ലും കലഹം ഉണ്ടായി രാജ്യത്തിനുനാശം വരാതെ ഇരിപ്പാൻ
തക്കവണ്ണം നല്ലസമാധാനം ഉണ്ടാകുന്നതു വരെയൊ ഇങ്ങനെ
ഉള്ള ദുഷ്ടന്മാരൊട നമ്മുടെയുദ്ധം മതിയാക്കുക ഇല്ലെന്നുഞാ
ൻ ഈശ്വരനൊട ശപഥം ചെയ്യിരിക്കുന്നു.

---

## വിലയെക്കുറിച്ചു.

നാണയങ്ങൾ ഉണ്ടാക്കുന്നതിനു സ്വൎണ്ണവും വെള്ളിയും
വളരെ ഉപയുക്തങ്ങളായിരിക്കുന്ന ധാതുക്കളാകുന്നു. എന്തെ
ന്നാൽ അവ വളരെ വിലയുള്ളവയും, വിലയുള്ള ധാന്യാദിപ
ദാൎത്ഥങ്ങളെപ്പൊലെ സൂക്ഷിച്ചു വയ്ക്കുന്നതിനും ഒരു ദിക്കിൽ
നിന്നു മറെറാരുദിക്കിലെക്ക കൊണ്ടുപൊകുന്നതിനും അവകാ
ശവും അദ്ധ്വാനവും വെണ്ടാത്തവയും, ആകുന്നു. എന്നാൽ ഈ
ധാതുക്കളുടെ വില ഇരുമ്പിന്റെ തിനെക്കാൾ വളരെ അധിക
മായിരിക്കുന്ന തിന്റെകാരണം എന്താണ? പരമാൎത്ഥം നൊക്കി

യാൽ സ്വൎണ്ണത്തിന്റെയും വെള്ളിയുടെയും ഉപയോഗങ്ങളെ
ക്കാൾ ഇരുമ്പിനെക്കൊണ്ടു ഉപയോഗംജനങ്ങൾക്കു അധികം
ഉണ്ടു. മൺവെട്ടി, അറുപ്പവാൾ, പിച്ചാത്തി, അരം, ഉളി, വാ
ൾ തൊക്കമുതലായ അസംഖ്യസാധനങ്ങൾ ഇല്ലാതെഇരുന്നാ
ൽ ജനങ്ങൾക്കു എത്രബുദ്ധിമുട്ടിന്നു ഇടയായി തീരും. ഈ സാ
ധനങ്ങൾ ഇരുമ്പുകൊണ്ടല്ലാതെ വെറെ ഏതു ധാതുക്കളെകൊ
ണ്ടുണ്ടാക്കപ്പെട്ടാലും അത്രനന്നായും ഉറപ്പായും ഇരിക്കയില്ല
ല്ലൊ. എന്നാൽ ഇങ്ങിനെയുള്ള ഇരുമ്പിന്നു വിലകുറവായി
രിക്കുന്നതിന്നു സമാധാനം എന്തെന്നാൽ, ഒരു പദാൎത്ഥത്തി
ന്റെ വില അധികമായൊകുറഞ്ഞൊ ഇരിക്കുന്നതു അതി
ന്റെ ഉപയോഗം ജനങ്ങൾക്കു അധികമായൊ കുറഞ്ഞൊഇ
രിക്കുന്നതുകൊണ്ടു മാത്രമല്ല. എന്തെന്നാൽ അങ്ങിനെയാണെ
ങ്കിൽ വെള്ളവും കാറ്റും ജനങ്ങൾക്കു എത്ര ഉപയുക്തങ്ങളാ
യിരിക്കുന്നവയാണ. അതുകൊണ്ടു അവയുടെ വില മറ്റെ
ല്ലാപദാൎത്ഥങ്ങളുടെ വിലയെക്കാൾ എത്ര അധികമായിരിക്ക
ണം. എന്നാൽ കാറ്റുകൊള്ളുന്നതിന്നും അതുകൊണ്ടു ശ്വാസൊ
ച്ഛ്വാസം ചെയ്യുന്നതിന്നും വെള്ളം കുടിക്കുന്നതിന്നും അതിൽ കു
ളിക്കുന്നതിന്നുംമറ്റും ആരും വിലകൊടുക്കുന്നില്ലല്ലൊ. അവ
യെഅനുഭവിക്കുന്നതിന്നുപകാരമായി ആരും ഒരുപദാൎത്ഥത്തെ
യും തരുന്നില്ലല്ലൊ. ഇതിന്റെ കാരണം കാറ്റും വെള്ളവും
എവിടെയും എല്ലാവൎക്കുംവിലകൊടുക്കാതെ തന്നെ കിട്ടുന്നതാ
കുന്നു.

എന്നാൽ ഇവയ്ക്കു കൂടി ചില സ്ഥലങ്ങളിൽ വിലകൊടു
ക്കെണ്ടി വരുന്നു. ദൃഷ്ടാന്തം ഒരു പട്ടണത്തിന്റെ സമീപ
ത്തിൽ നദിഇല്ലാതെയൊ അതിലുള്ള കുളങ്ങളിലും കിണ
റുകളിലും ഉള്ള വെള്ളം ഉപ്പുള്ളതായൊ ഇരുന്നാൽകുറെ ദൂര
ത്തിൽ ഉള്ള നല്ലവെള്ളത്തെ വിലകൊടുപ്പാൻ ശെഷിയും
മനസ്സും ഉള്ള ആളുകൾ വിലകൊടുത്തു വരുത്തുന്നു, അതു
പൊലെ തന്നെ ഒരുവലുതായിട്ടുള്ള പട്ടണത്തിൽ സ്വഛമാ
യിട്ടുള്ള കാറ്റുള്ള ദിക്കുകൾ കുറച്ചു ഉണ്ടായിരുന്നൊള്ളു എന്നു
വച്ചാൽ അങ്ങിനെ ഉള്ളസ്ഥലങ്ങളിലുള്ള വീടുകളിൽ ദെഹ
സുഖത്തിന്നുവെണ്ടി അല്പകാലത്തെക്കൊ ദീൎഘകാലത്തെക്കൊ

പാൎക്കുന്നതിനു ആ വീട്ടുകളുടെ ഉടയക്കാൎക്കു, ആ വീട്ടുകൾ ആ സ്വച്ശമായിരിക്കുന്ന കാററുള്ള സ്ഥലത്തിൽ ആയിരുന്നാൽ ആ വെക്കു എന്തുവാടക കൊടുക്കണമൊ അതിലും അധികം കൊടുക്കെണ്ടിവരും ൟ ദൃഷ്ടാന്തം കൊണ്ടു ഒരു വസ്തുവിന്റെ വില അതിന്റെ ഉപയൊഗം കൊണ്ടുമാത്രമല്ല ദൌൎല്ലഭ്യം കൊണ്ടും ആണെന്നുള്ളതു സിദ്ധമാകുന്നു. എന്തെന്നാൽ സ്വച്ശമായിട്ടുള്ള കാററും വെള്ളവും സമൃദ്ധിയായിട്ടു കിട്ടുന്ന ഇടത്തും കിട്ടാത്തായിടത്തും ഒരുപൊലെ ഉപയൊഗം ഉള്ളവയാണ എന്നാൽ അവ എവിടെ ദുൎല്ലഭങ്ങളൊ അവിടെ അവക്കു വില ഉണ്ടാവുന്നു, അതുപൊലെ തന്നെ ഏതു സ്ഥലത്തു ഇരുമ്പു ദുൎല്ലഭമൊ അവിടെ അതിനു അധികം വില കൊടുക്കെണ്ടിവരുന്നു.

സമുദ്രത്തിൽ ചില ദ്വീപങ്ങൾ ഉണ്ടു അവയിൽ ഇരുമ്പു തീരുമാനം കാണപ്പെടുന്നില്ല അതുകൊണ്ടു അവിടെ ഉള്ള ആളുകൾ ആടുമാടലായ അവിട്ടത്തെ നാല്ക്കാലികളെ കൊടുത്തു ഇരുമ്പാണികളെയും പിച്ചാത്തികളെയും മററും വാങ്ങിക്കുന്നു. എന്നാൽ ൟശ്വര കൃപയാൽ ഇരുമ്പു സാമാന്യം എല്ലാ രാജ്യങ്ങളിലും കിട്ടുന്നുണ്ടു എങ്കിലും അതു വിലകൊടുത്താല്ലാതെ കിട്ടുന്നില്ല, എന്തെന്നാൽ അതിനെ ആദ്യം ആകരത്തിൽ നിന്നു എടുക്കുകയും പിന്നീടു അതിന്റെ കന്മഷങ്ങളെ ഒക്കയും കളഞ്ഞു സ്വച്ശമാക്കുകയും പിന്നെ അതിനെക്കൊണ്ടു ഓരൊ പദാൎത്ഥങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുവെണം ആയതു ജനങ്ങൾക്കു ഉപയുക്തമായി തീരുന്നതിനു ഇരുമ്പുകൊണ്ടുണ്ടാക്കപ്പെടുന്ന വസ്തുക്കൾ ഫലമൂലാദികൾ പൊലെ ശ്രമം കൂടാതെ കിട്ടുന്നവയായിരുന്നാൽ അവക്കു വില ഉണ്ടായിരിക്കയില്ല. അതിനു കാരണം എന്തെന്നാൽ, വിലകൊടുക്കാതെ തന്നെ അവ കിട്ടുമെല്ലൊ, അപ്പൊൾ വില എന്തിനായിട്ടു കൊടുക്കണം? എന്നാൽ അവ അങ്ങിനെ സുലഭമായിട്ടു കിട്ടുമെങ്കിൽ അപ്പൊഴും അവയുടെ ഉപയൊഗം ജനങ്ങൾക്കു ഇപ്പൊൾ ഉള്ളതുപൊലെതന്നെ ഇരിക്കും. അതുകൊണ്ടു ഇപ്പൊൾ അവക്കു വിലകൊടുക്കെണ്ടിയിരിക്കുന്നതു അവയുടെ ദൌൎല്ലഭ്യം കൊണ്ടാകുന്നു.

അപ്പോൾ ഒരുപദാൎത്ഥത്തിന്നു വില ഉണ്ടാകുന്നതിന്നു ഒന്നാമതു അതു ദുൎല്ലഭമായിരിക്കണം. രണ്ടാമതു അതിന്റെ ആവശ്യകത ജനങ്ങൾക്കു ഉണ്ടായിരിക്കണം ഒരുമാതിരി കല്ലുകളുണ്ടു അവ ബഹുദുൎല്ലഭങ്ങളാണ. എന്നാൽ അവ വൈരം മാണിക്കം മുതലായവയെപ്പോലെ കാഴ്ചക്കു അത്ര ഭംഗിയായിട്ടുള്ളവ അല്ല എന്നുമാത്രമല്ല അവയെ ജനങ്ങൾ അപെക്ഷിക്കുന്നും ഇല്ല. അതിനാൽ അവ വില ഉള്ളവ ആകുന്നില്ല, അതുകൊണ്ടു ഒരുപദാൎത്ഥം ജനങ്ങളുടെ ഇച്ഛാവിഷയമായും സുഖസാദ്ധ്യമല്ലാതെയും ഇരുന്നാൽ തന്നെയെ അതു വിലയുള്ളതാകുന്നൊള്ളു വൈരം, മരതകം, പുഷ്യരാഗം, മുതലായ രത്നങ്ങൾ ബഹുശോഭാവസ്തുക്കളും ദുൎല്ലഭങ്ങളു മാകകൊണ്ടു അവ അത്ര അധികം വിലയുള്ളവയായിരിക്കുന്നു. അവയുടെ ഉപയോഗത്തെ നൊക്കാൻ പൊയാൽ അവകൊണ്ടു ആഭരണങ്ങളെ ഉണ്ടാക്കാം എന്നുമാത്രമല്ലാതെ വെറെ ഒന്നും ഇല്ല പരസ്സഹസ്രം ജനങ്ങൾ ബഹുശ്രമം ചെയ്തു ദ്രവ്യത്തെ സംപാദിക്കുന്നതു വല്ലവിധത്തിലും ഉള്ള ആഹാരത്തെയും വസ്ത്രത്തെയും സംപാദിക്കണം എന്നല്ല കിന്തു, സുന്ദരങ്ങളായും ഭാസുരങ്ങളായും ഉള്ള വസ്ത്രാഭരണാദികളും തങ്ങൾക്കുണ്ടായിരിക്കണം എന്നാകുന്നു. ഇങ്ങിനെ ഉള്ള വസ്തുക്കൾ തങ്ങൾക്കുണ്ടായിരിക്കെണമെന്നു ജനങ്ങൾ ആഗ്രഹിക്കുന്നതിന്റെ കാരണം എന്തെന്നാൽ, ഒന്നാമതു അവ കാഴ്ചക്കു ബഹുഭംഗിയുള്ളവയായിരിക്കുന്നു രണ്ടാമതു അവ ഉള്ള ആളുകൾ സംപന്നന്മാരെന്നു ജനങ്ങൾ വിചാരിക്കുന്നു. കെവലം ഭംഗിമാത്രം വിചാരിച്ചാൽ ചിലപുഷ്പങ്ങൾ സൌന്ദൎയ്യത്തിൽ രത്നാദികളെ അതിശയിക്കുന്നു. എന്നാൽ അങ്ങിനെയുള്ള പുഷ്പങ്ങൾ എല്ലാവൎക്കും സാധാരണമായിട്ടു കിട്ടുമെല്ലൊ. അവയെ കൊണ്ടു ഒരുത്തന്റെ അവസ്ഥ അറിവാൻ കഴിയുന്നതല്ല. രത്നാദികളെ കൊണ്ടുണ്ടാക്കപ്പെട്ട ആഭരണങ്ങളെ ധരിച്ചാൽ താൻ ബഹുദ്രവ്യവാനാണെന്നു മറ്റുള്ള ആളുകൾ വിചാരിക്കുന്നു. അതുകൊണ്ടാണ അവയെ കുറിച്ചു ജനങ്ങൾക്കു അത്ര മൊഹമുള്ളത.

ആളുകൾക്കു താൻ താങ്ങളുടെ അവസ്ഥാനുഗുണം വ

സ്ത്രാഭരണാദികളെക്കൊണ്ടു അലങ്കരിച്ചു കൊള്ളെണമെന്നൊരു നിശ്ചയമുണ്ടായിരുന്നാൽ അത്രദൂഷ്യമില്ല. എന്നാൽ ചിലർ തങ്ങളുടെ യൊഗ്യതയിലും അധികം വസ്ത്രങ്ങളെയും ആഭരണങ്ങളെയും ധരിക്കുന്നു അതുകൊണ്ടു അവർ വെഗം ദരിദ്രന്മാരായി തീരുന്നു. അതുവളരെ അനുചിതമാകുന്നു, ചിലർ ആഭരണങ്ങളിൽ എത്രദ്രവ്യം ചിലവുചെയ്യുന്നുവൊ അത്രയും ദ്രവ്യത്തെ തങ്ങളുടെ യൊഗ്യതക്കു അനുഗുണങ്ങളായിട്ടുള്ള വസ്ത്രങ്ങളെയും പാത്രങ്ങളെയും പദാൎത്ഥങ്ങളെയും വാങ്ങിക്കുന്നതിലും വൃത്തിയായിട്ടു വെക്കുന്നതിലും വിനിയൊഗിച്ചാൽ അവൎക്കു അധികം സൌഖ്യമായിരിപ്പാൻ ഇട ഉണ്ടായിരിക്കും,

അപ്പൊൾ ഒരു പദാൎത്ഥത്തിനു വില ഉണ്ടാകുന്നതു കെവലം ആ പദാൎത്ഥം ഉപയൊഗം ഉള്ളതുകൊണ്ടൊ, അല്ലെങ്കിൽ ആയതു ദൃഷ്ടിക്കു ഭംഗിയായിരിക്കുന്നതുകൊണ്ടൊ, അല്ലെങ്കിൽ ആയതു ഉണ്ടായിരിക്കുന്നതുകൊണ്ടു മനസ്സിനുസന്തൊഷം ഉണ്ടാകുന്നതുകൊണ്ടൊ മാത്രമല്ല ആയതു ദുൎല്ലഭമായും ഇരിക്കെണം എന്നുവച്ചാൽ ആയതു കിട്ടുന്നതു പ്രയാസമായിരിക്കയും വെണം. എന്തെന്നാൽ ഉപയുക്തമായൊ സന്തൊഷകരമായൊ ഉള്ള ഒരു പദാൎത്ഥത്തെ ഒരുത്തൻ ശ്രമപ്പെട്ടു സമ്പാദിച്ചിരുന്നാൽ ആയതു വെണമെന്നു ആഗ്രഹിക്കുന്ന ആളുകൾക്കു ആയതു സമ്പാദിക്കുന്നതിൽ പ്രത്യെകം ആവശ്യമുള്ള ശ്രമം തങ്ങൾക്കു കൂടാതെ കിട്ടെണമെങ്കിൽ ആയതു യാതൊരുത്തന്റെ സ്വാധീനത്തിൽ ഇരിക്കുന്നൊ അവനെ സന്തൊഷിപ്പിച്ചിട്ടുതന്നെ വെണം.ജനങ്ങൾ കെവലം അപരിഷ്കൃതന്മാരായിരുന്നാൽ ഇങ്ങനെ ഉള്ള വസ്തുക്കളെ പ്രായെണ ബലാൽകാരംകൊണ്ടു അപഹരിക്കും എന്നാൽ പരിഷ്കൃതന്മാരായിരുന്നാൽ അങ്ങനെ ഉള്ളവസ്തുക്കൾക്കു പകരം അവയുടെ ഉടയക്കാരനു ആവശ്യമുള്ള വസ്തുക്കളെ കൊടുത്തു അവയെ വാങ്ങിക്കും അപ്പൊൾ അതു വിലകൊടുക്കുന്നതു പൊലെ തന്നെ ആയി

സ്വൎണ്ണവും വെള്ളിയും ഇരുമ്പിനെക്കാൾ അധികം വിലയുള്ളവയായിരിക്കുന്നതിന്റെ കാരണം എന്തെന്നാൽ അവ

കാഴ്ചക്ക ബഹുഭംഗി ഉള്ളവയാകകൊണ്ടു അവയെകൊണ്ടു ആരഭണാദികളെ ഉണ്ടാക്കി അവയെ ഉപയൊഗിക്കണമെന്നു ജനങ്ങൾക്ക ആഗ്രഹം ഉള്ളതാകുന്നു. അപ്പൊൾ അവ ഉപയുക്തസാധനങ്ങൾ എന്നായി. എന്നാൽ ഇരുമ്പിനെ പ്പൊലെ അവ അത്ര സുലഭങ്ങളല്ലാത്തതു കൊണ്ടു അവയെ സമ്പാദിക്കുന്നതിൽ അധികം ശ്രമം വെണ്ടിവന്നിരിക്കുന്നു അവ കിട്ടുന്നതും ചില ഇടങ്ങളിൽ മാത്രമെ ഉള്ളു. അങ്ങനെ അവ കിട്ടുന്ന ഇടങ്ങളിലും അവ കുറച്ചെ കിട്ടുന്നൊള്ളു. എങ്ങനെയെന്നാൽ സ്വൎണ്ണം ചില നദികളുടെ മണലുകളിലും ചില പാറകളിലും ഉണ്ടു. അവിടെ ചെന്നു മണലിൽ നിന്നും പാറകളിൽ നിന്നും അതിനെ എടുക്കുന്നതിനു വളരെ അദ്ധ്വാനവും ചിലവും വെണ്ടിവരുന്നു. ഏകദെശം ഒരുറുപ്പാത്തൂക്കം ഉള്ള സ്വൎണ്ണം എടുക്കുന്നതിനു, പതിനെഴ ഉറുപ്പാത്തൂക്കം വെള്ളി എടുക്കുന്നതിനു എത്ര ശ്രമവും ദ്രവ്യവ്യയവും വെണമൊ, അത്രയും വെണ്ടിയിരിക്കുന്നു. അതുകൊണ്ടാകുന്നു സ്വൎണ്ണത്തിന്റെ വില അത്രകൂടിയിരിക്കുന്നത.

പദാൎത്ഥങ്ങൾക്ക വില ഉണ്ടാകുന്നതു അവ ഉപയുക്തങ്ങളായിരിക്കയും ശ്രമസാദ്ധ്യങ്ങളായിരിക്കയും ചെയ്യുന്നതുകൊണ്ടു മാത്രമല്ല. വെറെ ഒരുഗുണം കൂടി അവയിൽ ഉണ്ടായിരിക്കണം അതു എന്തെന്നാൽ അവ കൊടുക്കാനും വാങ്ങിക്കാനും കഴിയുന്നവയായും ഇരിക്കണം എങ്ങനെ എന്നാൽ, അരൊഗത വെണമെന്നു എല്ലാവൎക്കും ആഗ്രഹമുണ്ട ആയതു എല്ലാവൎക്കും ഉണ്ടായിരിക്കുന്നില്ല. എന്നാൽ ആയതിനുവില ഇല്ലാത്തതു ആയതു കൊടുപ്പാനും വാങ്ങിപ്പാനും കഴിയാത്തതുകൊണ്ടാകുന്നു. ആയതു അങ്ങിനെ ചെയ്യാൻ കഴിയുന്ന വസ്തുവായിരുന്നു എങ്കിൽ ശ്രീമാന്മാരായിരിക്കുന്ന അനവധി ജനങ്ങൾ അനവധിദ്രവ്യത്തെ അരൊഗതയുടെ നിധികളാകുന്ന ദരിദ്രന്മാൎക്ക കൊടുത്തു അതിനെ വാങ്ങിക്കുമായിരുന്നു. ദ്രവ്യാപെക്ഷകൊണ്ടു തങ്ങളുടെ അരൊഗതയെ കൊടുക്കുന്നതിൽ ദരിദ്രന്മാർ സന്തൊഷമുള്ളവരായിരിക്കയും ചെയ്യും എന്നാൽ അങ്ങനെ അരൊഗതയെ വിലകൊടുപ്പാനും വാങ്ങിക്കാനും കഴിയുന്നില്ല. ദ്രവ്യലാഭത്തെ ഉദ്ദെശിച്ച ദരിദ്രന്മാർ ത

ങ്ങളുടെ കയ്യൊ കാലൊ ഛെദിച്ചു കൊടുപ്പാൻകൂടിമടിക്കയില്ലാ യിരിക്കും എന്നാൽ ആ കയ്യൊ കാലൊ സ്വശരീരത്തിൽ യൊജിപ്പിക്കുന്നതു എങ്ങനെയാണ? ഒരുത്തനു അരൊഗത ഉണ്ടായിരുന്നാൽ ആയതുതന്റെ സ്വാധീനത്തിൽ ഇല്ലാതെ ആക്കുന്നതിനു ആഹാര നിദ്രാദികളിൽ ക്രമം ഇല്ലാതെ ഇരുന്നാൽ മതി, എന്നാൽ ആയതു തന്റെവശത്തിൽ നിന്നു പൊകുമ്പൊൾ അതിനെ അന്ന്യനു സ്വാധീനമാക്കുന്നതിനു എങ്ങനെ കഴിയും? കഴിയുന്നതല്ലാ. അതുകൊണ്ടു ഒരുവസ്തുവിനു വില ഉണ്ടാകെണമെങ്കിൽ ആയതു ജനങ്ങൾക്കു ഉപയൊഗം ഉള്ളതും ശ്രമസാദ്ധ്യവും, കൊടുക്കാനും വാങ്ങിക്കാനും കഴിയുന്നതും ആയിരിക്കണം. എന്നാലെ ആ വസ്തു വിലയുള്ളതായിതീരും.

ഒരു പദാൎത്ഥം ജനങ്ങൾക്കു ആവശ്യപ്പെടുകയും ആയതു ശ്രമം കൂടാതെ കിട്ടാത്തതായിരിക്കയും ചെയ്താൽ അതിനെ സമ്പാദിക്കുന്നതിനു ജനങ്ങൾ ശ്രമംചെയ്യുന്നു പുനശ്ച ഏതുപദാൎത്ഥത്തിന്റെ വില അധികമായിരിക്കുമ്പൊ ആയതു കിട്ടുന്നതു പ്രായെണ വളരെ പ്രയാസമുള്ളതായും, ഏതുപദാൎത്ഥത്തിന്റെ വിലകുറഞ്ഞിരിക്കുമ്പൊ ആയതു കിട്ടുന്നതു പ്രായെണ അത്ര പ്രയാസ മില്ലാത്തതായും ഇരിക്കും, എന്നിന്നിങ്ങനെ ഒരു നിയമം ഉണ്ടു. എന്നാൽ ഈ നിയമത്തെ വിവിചാരിച്ചു ഒരു പദാൎത്ഥത്തിന്റെ വില നിശ്ചയിക്കുന്നതിൽ കെവലം അതിൽ ചെയ്തിട്ടുള്ള ശ്രമത്തെ മാത്രം നൊക്കി അധികം ശ്രമം ചെയ്തിരുന്നാൽ അധികം വില കൊടുപ്പാനുള്ളതാണെന്നും അല്പം ശ്രമം ചെയ്തിരുന്നാൽ അല്പം വിലയെ കൊടുക്കെണ്ടു എന്നും ഭ്രമിക്കരുത എന്തെന്നാൽ ഏതുപദാൎത്ഥം അധികം വിലയുള്ളതായിരിക്കുമ്പൊ ആയതിനെ ഉണ്ടാക്കുന്നതിലും മററും അധികം ശ്രമം ചെയ്യപ്പെട്ടിരിക്കുന്നതു കൊണ്ടല്ലാ ആയതു അധികം വിലയുള്ള തായിരിക്കുന്നതു, ആയതു അധികം വിലയുള്ള തായിരിക്കുന്നതു കൊണ്ടാകുന്നു ആയതിനെ ഉദ്ദെശിച്ചു അധികം ശ്രമം ചെയ്യുന്നത. അതിനു ദൃഷ്ടാന്തം, ദന്തംവിററാൽ വളരെ പണം കിട്ടും എന്നുള്ളതു കൊണ്ടു വെട്ടക്കാർ ആനകളുള്ള ഭയങ്കരങ്ങളായിരിക്കുന്ന കാടുകളിൽ നെരാകും വണ്ണം ആഹാരവും നിദ്രയും ഇല്ലാതെ സ

ഞ്ചരിച്ചു ആനകളെ വെടിവച്ചുകൊന്നു അവയുടെ ദന്തത്തെ എടുത്തുകൊണ്ടുവന്നു വില്ക്കുന്നു. ഒരുത്തൻ പത്തു ദിവസം കാട്ടിൽ സഞ്ചരിച്ചു വളരെ പ്രയാസപ്പെട്ടു പത്തു ആനകളെ കൊന്നു അവയുടെ ദന്തത്തെ എടുത്തുകൊണ്ടു വരുന്നു എന്നാൽ വെറെ ഒരുത്തൻ അത്രയും ദിവസം അത്രയും പ്രയാസപ്പെട്ടു ഒരു ആനയെ മാത്രം വെടിവച്ചു കൊന്നു അതിന്റെ ദന്തത്തെ എടുത്തു കൊണ്ടുവരുന്നു ൟ രണ്ടുപെരുടെ ശ്രമവും ഒരുപൊലെ ഉള്ളതാണെങ്കിലും പത്തുആനകളുടെ ദന്തം ഉള്ള ആളിനു എത്രവില കിട്ടുമൊ അത്രയും പണം ഒരു ആനയുടെ ദന്തം ഉള്ള ആളിനു കിട്ടുന്നതല്ല. ഒരുത്തൻ വഴിയിൽ കൂടി നടന്നുപൊയിക്കൊണ്ടിരിക്കുന്ന സമയത്തു ഒരു വൈരക്കല്ലു അവനു കിട്ടിയാൽ ആയതിനെ സമ്പാദിക്കുന്നതിൽ അവനു ഒരു ശ്രമവും ഉണ്ടായില്ലെങ്കിലും അവൻ ആ വൈരത്തെ വിററാൽ അല്പ വിലയെ കിട്ടു എന്നില്ലല്ലൊ ഒരുത്തന്റെ പുരയിടത്തിൽ കിണറു വെട്ടിക്കൊണ്ടിരിക്കുന്ന സമയത്തു ദ്രവ്യത്തിന്റെ നിധി കാണപ്പെട്ടാൽ ആ നിധിയെ സമ്പാദിക്കുന്നതിൽ വളരെ ശ്രമം വെണ്ടിവരാത്തതു നിമിത്തം ആ നിധിയുടെ വില കുറഞ്ഞിരിക്കുമൊ? ആ നിധി കിട്ടീട്ടുള്ള ആളിനെ ദരിദ്രനെന്നപ്പൊലെ ആരെങ്കിലും വിചാരിക്കുമൊ? ഇല്ല. അതുകൊണ്ടു ഒരുപദാൎത്ഥത്തെ ഉദ്ദെശിച്ചു ചെയ്തിട്ടുള്ളശ്രമംകൊണ്ടു മാത്രമെ അതിനുവിലയുണ്ടാകു എന്നു വിചാരിക്കരുത. എന്നാൽ ആ പദാൎത്ഥത്തിനു വിലകിട്ടും എന്നുള്ളതു കൊണ്ടാകുന്നു അതിനെ ഉദ്ദെശിച്ചു ശ്രമം ചെയ്യുന്നതു.

മനുഷ്യൻ അലസനായി ഭവിക്കരുതെന്നു വിചാരിച്ചു അവന്റെ സുഖസാധനങ്ങളായിരിക്കുന്ന പ്രായെണ എല്ലാ വസ്തുക്കളും ശ്രമംകൂടാതെ അവനു കിട്ടരുതെന്നു ൟശ്വരൻസങ്കല്പിച്ചിരിക്കുന്നതായി കാണുന്നു. നമുക്കുള്ള അന്നവസ്ത്രാദികളും ഗൃഹങ്ങളും വാഹനങ്ങളും മററസംഖ്യങ്ങളായിരിക്കുന്ന ഉപഭൊഗ സാധനങ്ങളും ശ്രമം കൂടാതെ ഉണ്ടായിട്ടുള്ളവ അല്ല, അതുകൊണ്ടു ശ്രമപ്പെട്ടാൽ തന്നെയെ സുഖം ഉണ്ടാകൂ.

## കൂലിയെ
## അല്ലെങ്കിൽ
## ശമ്പളത്തെ കുറിച്ചു

ഒരു വെല ചെയ്യുന്ന ആളുകൾക്കു അധികം കൂലിയും മറ്റൊരുവെല ചെയ്യുന്ന ആളുകൾക്കു കുറഞ്ഞ കൂലിയും കിട്ടുന്നു എങ്ങനെ എന്നാൽ മൺവെട്ടികൊണ്ടു വെലചെയ്യുന്ന ആൾ വാങ്ങിക്കുന്ന കൂലിയെക്കാൾ ഒരുതട്ടാനൊ ഒരു പണിക്കാരനൊ അധികം കൂലി വാങ്ങിക്കുന്നു എന്നാൽ ഇങ്ങനെ അധികം കൂലി കിട്ടുന്നതു അധികം ശ്രമം ചെയ്യെണ്ടിയിരിക്കുന്നു എന്നുള്ളതു കൊണ്ടല്ല.

ശരീര ശ്രമത്തിൽ എങ്ങനെ ഭെദങ്ങൾ ഉണ്ടൊ അങ്ങനെ മാനസിക ശ്രമത്തിലും ഭെദങ്ങളുണ്ടു. എങ്ങനെ എന്നാൽ രാപ്പകലും പ്രയാസപ്പെട്ടു കണക്കുകളെ എഴുതുന്ന ഒരു അധികാരത്തിൽ കണക്കനു എത്ര ശമ്പളം കൊടുക്കെണമൊ അതിലും വളരെ അധികം ഒരു ന്യായാധീശനു കൊടുക്കെണ്ടിയിരിക്കുന്നു, ഇതുകൊണ്ടു ഒരുവെലയിൽ അധികമൊ കുറഞ്ഞൊ കൂലികിട്ടുന്നതു ആയതിൽ അധികമൊ കുറഞ്ഞൊ ശ്രമം ചെയ്യെണ്ടിയിരിക്കുന്നതു കൊണ്ടല്ല എന്നുള്ളതു സ്പഷ്ടമാകുന്നു. എന്നാൽ കൂലിയിലുള്ള ഭെദം എന്തുകൊണ്ടാകുന്നു എന്നുള്ളതുതാഴെ വിവരിക്കാം.

പദാൎത്ഥങ്ങൾക്കു വിലക്കു താരതമ്യം ഉണ്ടാകുന്നതു ഏതു കാരണത്താലൊ ആ കാരണത്താൽ തന്നെ ആകുന്നുവെലക്കും കൂലിക്കും താരതമ്യം ഉണ്ടാകുന്നതു. ഒരുവെലയെ ചെയ്യുന്നതിനു ആളുകൾ കുറച്ചുകിട്ടിയാൽ ആവെലക്കു കൂലി അധികവും അധികം കിട്ടിയാൽ കൂലികുറഞ്ഞും ഇരിക്കും. ൟ ക്രമത്തിനു മൺവെട്ടി കൊണ്ടു വെലചെയ്യുന്നതിനു എത്ര ആളുകൾ കിട്ടുമൊ അത്ര ആളുകൾ ദന്തപ്പണികളൊ സ്വൎണ്ണ വെലകളൊ ചെയ്യുന്നതിനു, കണക്കെഴുത്തിനു എത്ര ആളുകൾ കിട്ടുമൊ അത്ര ആളുകൾ തക്കപ്പെട്ട അവകാശാദികളെ ന്യായം പൊലെ വ്യവസ്ഥാപിക്കുന്നതിനും കിട്ടുകയില്ലാ. അതുകൊണ്ടാകുന്നു ഇവരുടെ കൂലിയിൽ ഇത്രതാരതമ്യം ഉള്ളതു

ഇതിന്റെ മുഖ്യമായിട്ടുള്ള കാരണം എന്തെന്നാൽ ദന്ത

പ്പണികളെയൊ ആഭരണാദികളെയൊ ചെയ്വാൻ പഠിക്കുന്നതിനു അധികം ചിലവും ഈ വെലകളെ അഭ്യസിച്ചു അവയിൽ യൊഗ്യത സമ്പാദിക്കുന്നതിനു അധിക കാലതാമസവും വെണ്ടിയിരിക്കുന്നു ആ അന്തരത്തിൽ തന്റെ കാലക്ഷെപവും നടക്കണം തന്റെ ഗുരുവിനു ശമ്പളവും കൊടുക്കണം അതിനു ദ്രവ്യം ഉണ്ടായിരിക്കണം എന്നാലെ ആ വെലകളിൽ യൊഗ്യത സമ്പാദിക്കാൻ കഴിയു. അതുപൊലെ തന്നെ സാമാന്യമായ കണക്കെഴുത്തഭ്യസിക്കുന്നതിനു വെണ്ടിയിരിക്കുന്നതിനെക്കാൾ ന്യായങ്ങളെ അഭ്യസിച്ചു അവയിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിനു അധികം ചിലവും കാലതാമസവും വെണ്ടിവരുന്നു ഇങ്ങനെ അധികം ചിലവുംകാലതാമസവും വെണ്ടിവരുന്നതായ ന്യായശാസ്ത്രാഭ്യാസം കൊണ്ടു അധികം ദ്രവ്യംകിട്ടും എന്നുള്ള നിശ്ചയം ഇല്ലാതെ ഇരുന്നാൽ അങ്ങനെയുള്ള അധികച്ചിലവു ചെയ്വാൻ ശെഷിയും മനസ്സും ഉള്ള ആളുകൾ ആരും തങ്ങളുടെ കുഞ്ഞുങ്ങളെ ആ ശാസ്ത്രത്തെ അഭ്യസിക്കാൻ ഉത്സാഹിക്കയില്ല.

എന്നാൽ ചിലപ്പൊൾ ഒരു വിദ്യയെ അഭ്യസിക്കുന്നതിനായി അയക്കപ്പെട്ട ബാലൻ മൂർഖനായൊ അലസനായൊ തീൎന്നു ആ വിദ്യയിൽ തന്റെ ഉപജീവനത്തെ കഴിച്ചുകൊള്ളുവാൻ തക്കവണ്ണം ഉള്ള പാണ്ഡിത്യം സമ്പാദിക്കാതെ പൊകുന്നു. അപ്പൊൾ അവന്റെ പിതാവു നിരാശനാകയും തന്റെ മകന്റെ വിദ്യാഭ്യാസത്തിനായി ചെയ്തിട്ടുള്ള ചിലവുകൾ ഒക്കെയും നിഷ്ഫലങ്ങളായി തീരുകയും ചെയ്യുന്നു. അതുകൊണ്ടു ഒരു മാസം കണക്കു എഴുതുന്ന ആളിനു കിട്ടുന്ന ശമ്പളത്തെക്കാൾ ഒരുമാസം ജഡ്ജി ഉദ്യൊഗം ഭരിക്കുന്ന ആളിനു അധികം ശമ്പളം കിട്ടുന്നത ജഡ്ജി ഉദ്യൊഗത്തിനു വെണ്ടുന്നപാണ്ഡിത്യത്തെ സമ്പാദിക്കുന്നതിൽ അധികം ചിലവും കാലതാമസവും, ഒരുവെള ദൌർബല്യം കൊണ്ടൊ അലസത കൊണ്ടൊ പാണ്ഡിത്യം സമ്പാദിക്കാതെ പൊയാൽ ആ വിഷയത്തിൽ വൃഥാ ദ്രവ്യവ്യയവും വരുന്നതു കൊണ്ടാകുന്നു പറയാൻ പാടില്ല കിന്തു, അങ്ങനെയുള്ള പ്രയാസങ്ങളിൽ പ്രവൎത്തിച്ചു പാണ്ഡിത്യം സമ്പാദിക്കുന്ന ആളുകൾ വളരെ ചു

രുക്കമാകകൊണ്ടാകുന്നു അവക്ക അധികം ശമ്പളം കൊടുക്കെ ണ്ടിയിരിക്കുന്നത.

ഇതുകൊണ്ട ഒരുപദാൎത്ഥത്തിന്റെ വില കൂടിയൊ കുറ ഞ്ഞൊ ഇരിക്കുന്നത ആ പദാൎത്ഥം ചുരുക്കമായൊ ധാരാളമാ യൊ ഇരിക്കുന്നതിന്റെ അവസ്ഥപൊലെ ആണെന്നുള്ള പ്ര കാരം തന്നെ. ഒരു വെലക്കു കൂലികൂടിയൊ കുറഞ്ഞൊ വരു ന്നത ആ വെലക്കുള്ള ആളുകൾ കുറഞ്ഞൊ കൂടിയൊ ഇരിക്കു ന്നതിന്റെ അവസ്ഥക്കു തക്കവണ്ണം ആകുന്നു എന്നുള്ളത സ്പ ഷ്ടമാകുന്നു.

ഒരു വിദ്യയിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിനു അ ധികം ദ്രവ്യം ചിലവു ചെയ്യുന്നത ആ വിദ്യയിൽ അധി കം ദ്രവ്യം കിട്ടുന്നതിനു കാരണമായിഭവിക്കുന്നതു പൊലെ മഹാ ബുദ്ധിശക്തിയും അധികം ദ്രവ്യം കിട്ടുന്നതിനു കാരണ മായിതീരുന്നു എന്തുകൊണ്ടെന്നാൽ, അധികം ദ്രവ്യം ചിലവു ചെയ്തു ഒരു വിദ്യയിൽ പാണ്ഡിത്യം സമ്പാദിക്കാൻ കഴി യുന്ന ആളുകൾ ചുരുക്കമായിരിക്കുന്നതിൻവണ്ണം, മഹാബു ദ്ധിശക്തി ഉള്ള ആളുകളും ചുരുക്കമാകുന്നു അതു കൊണ്ടാകു ന്നു ഒരു വിദ്യയെ സമ്പാദിക്കുന്നതിൽ സാമാന്യ ബുദ്ധി ഉള്ള ഒരുത്തനും അസാമാന്യ ബുദ്ധിയുള്ള ഒരുത്തനും ചിലവ ഒരുപൊലെ തന്നെ ആയിരുന്നാലും അസാമാന്യ ബുദ്ധിയു ള്ളവനു സാമാന്യബുദ്ധിയുള്ളവനെക്കാൾ വളരെ അധികം ദ്രവ്യം കിട്ടുന്നത.

എന്നാൽ ചില വെലകൾക്കു കൂലിഅധികം കൊടുക്കെ ണ്ടിയിരിക്കുന്നു ആയതു ആ വെലയെ പഠിക്കുന്നതിൽ ചി ലവു അധികം വെണ്ടിവന്നിട്ടൊ ആ വെലക്കാരനു അസാമാ ന്യബുദ്ധിശക്തി ഉണ്ടായിട്ടൊ അല്ല, അങ്ങനെ ഉള്ള വെല കൾ ചെയ്യുന്നതിൽ അധികം അപായമൊ മറ്റൊ ഉരുന്നതു കൊണ്ടാകുന്നു. അതിനു ദൃഷ്ടാന്തം എന്തെന്നാൽ, വെടിമരുന്നു ഉണ്ടാക്കുന്ന ആളുകൾക്കു സാമാന്യെന ദിവസം ഒന്നിനു, മ ൺവെട്ടികൊണ്ട വെല ചെയ്യുന്ന ആളുകളെക്കാൾ, അധികം കൂലി കൊടുപ്പാനുള്ളതാകുന്നു. എന്തെന്നാൽ വെടിമരുന്നു ഉ ണ്ടാക്കുന്നതിൽ പ്രാണനുവരെ അപായം ഉണ്ട. അതുപൊ

ലെ തന്നെ ദന്ത വെല പഠിക്കുന്നതിന ചിലവാകുന്നതിനെ
ക്കാൾ വളരെ അധികം ആയുധാഭ്യാസം ചെയ്യുന്നതിൽ ഇല്ല.
എങ്കിലും ദന്തവെലക്കാരനെക്കാൾ സെനാ നായകന അധി
കം ശമ്പളം കൊടുക്കെണ്ടിയിരിക്കുന്നു. സെനാ നായകന്റെ
സാമൎത്ഥ്യം സമ്പാദിക്കുന്നതിൽ ചിലവു അധികം ഉണ്ടെന്നു
വച്ചിട്ടല്ല അതിൽ ആളുകൾ പ്രവൃത്തിക്കാത്തത, ഏതു സമയ
ത്തെങ്കിലും തന്റെ പ്രാണനെ ഉപെക്ഷിക്കെണ്ടിവരുമെല്ലൊ
എന്നുള്ള ഭയംകൊണ്ടു അതിൽ ആളുകൾ അധികം പ്രവൎത്തി
ക്കാത്തതാകുന്നു.

2.80

L. J. Fr

…ന്നം

# …ല്യവൃത്തം

…നമഃ അവിഘ്നമസ്തു.

…ത്തം.

…ംബികഗണേശൻനിൎമ്മലഗു
…ുഖന്മാദികവിമാതൃഗുരു ഭൃത
…രിരാമ
…ന്റ ചരിതാനാമൃതമമിതാദി
…ാട്ടുചൊല്ലുവതി നിന്നുതുന്നിയ്യ
…ശ്രു ഹരിരാമ.
…രാവണ ഭുജോഷ്മാ തീക്കനെ
…ൽക്കടലിൽ മെവിനപുരാണ
വീണഹരിരാമ.
…ജയിച്ചീ ടാധിശമനായഭവ
…ാലനനിബൊധഗിരമസ്മാൻ
…രിരാമ.
…പൂരുഷാണൊ മുത്തമനുണൊന്നു
…ദെവതാഗമന കാരണമമൎത്ത്യാ
…കഹരിരാമ
മിങ്ങുകിമിലാനീം സൂക്ഷ്മതനു
…ംക്ഷണ കലാചലന മാത്ര
…ഭവമിതെന്തു ഹരിരാമ.
…ി സുഖഭേദെങ്ങ താമകരുണാ
…സുഖായനഹിതന്നാ വിമിതം
…രിരാമ.
…പൂമനതവാജ്ഞാ വാൎത്തപറയ്യ